ദി ഡിഫെൻഡർ

Vol. No. 9 Issue No. 18 RNI Reg. No. 68089 / 97. Published From Perumbavoor 2006 SEPTEMBER 16 Price: Rs.100/- P.A.

ഡിഫെൻഡറിനെതിരെ വീണ്ടും ഐ.പി.സിയിൽ പടയൊരുക്കം

ഏതു മാർഗ്ഗം ഉപയോഗിച്ചായാലും ഡിഫെൻഡറിന്റെ വായടച്ചേ അടങ്ങൂ എന്ന ഉറച്ച തീരുമാനത്തിൽ ഏതാനും ഐ.പി.സി നേതാക്കൻമാർ എത്തിയതായി കുമ്പനാട്ടുനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഐ.പി.സി നേതാക്കൻമാരായ കെ.സി.ജോൺ, വൽസൻ ഏബ്രഹാം തുടങ്ങിയവരുടെ തട്ടിപ്പുകളും മറ്റ് ദുർന്നടപടികളും ഡിഫെൻഡർ തുടർച്ചയായി പുറത്തുകൊണ്ടുവന്നുകൊണ്ടിരിക്കുന്നതിൽ അസഹ്യതയുള്ള ചിലരാണ് ഈ നീക്കത്തിനു പിന്നിൽ.

ഇന്റർനെറ്റ് കേസ്സിൽ ടി.എസ്.ബാലനും മകനും ശിക്ഷിക്കപ്പെട്ടതോടെ ഡിഫെൻഡറിന്റെ കഥ കഴിഞ്ഞു എന്ന സന്തോഷത്തിലായിരുന്നു ഐ.പി.സി നേതാക്കൻമാർ. പക്ഷേ വിധി കോടതി സ്റ്റേ ചെയ്യുകയും ജാമ്യം അനുവദിക്കുകയും ചെയ്തപ്പോൾ ഐ.പി.സി നേതാക്കൻമാരുടെ കണക്കുകൂട്ടൽ പിഴച്ചു. കേസ്സിൽ ശിക്ഷിക്കപ്പെട്ടതോടെ ബാലൻ ഭയപ്പെട്ട് വായടയ്ക്കും എന്ന പ്രതീക്ഷയും അസ്ഥാനത്തായി. ഡിഫെൻഡർ ഇപ്പോൾ ഇരട്ടി ശക്തിയോടെ പ്രസിദ്ധീകരണം തുടരുകയാണ്.

കെ.സി.ജോണും വൽസൻ ഏബ്രഹാമും എതിരില്ലാതെ സഭാനേതൃത്വത്തിൽ എത്തിയത് അത്യുഗ്രൻ ദൈവാനുഗ്രഹമാണെന്നായിരുന്നു പ്രചരണം. പക്ഷേ അതിഹീനമായ പിന്നാമ്പുറക്കഥകൾ ഇതിന്റെ പിന്നിലുണ്ട് എന്ന് ഏറെ താമസിയാതെ വ്യക്തമായി. കെ.എം.ജോൺ, എം.എസ്.ശാമുവേൽ എന്നിവർ നേതൃസ്ഥാനത്ത് എത്തുന്നത് തടയാനും അധികാരം കെ.സി.ജോൺ, വൽസൻ എന്നിവരുടെ കുടുംബത്തിൽ നിലനിർത്തുന്നതിനും തല്പര കക്ഷികൾ നടത്തിയ ഗൂഢാലോചനയുടെ ഭാഗമായിരുന്നു ഈ സമവായം.

കേരള സ്റ്റേറ്റ് വൈസ് പ്രസിഡന്റ് സ്ഥാനം കൊണ്ട് തൃപ്തിപ്പെടാൻ തയ്യാറായിരുന്ന കെ.എം.ജോണിനെ പറഞ്ഞ് മയക്കി ജനറൽ പ്രസിഡന്റ് സ്ഥാനാർത്ഥി ആക്കിയത് കെ.സി.ജോൺ ആയിരുന്നു. പക്ഷേ ഒടുവിൽ കെ.സി.ജോൺ കാലുവാരി. വിവരം അറിഞ്ഞപ്പോൾ കെ.എം.ജോൺ കരഞ്ഞുപോയി എന്നാണ് അറിയാൻ കഴിഞ്ഞത്.

സ്വന്തം അമ്മയുടെ അനുജത്തിയുടെ ഭർത്താവായ എം.എസ്.ശാമുവേൽ ഐ.പി.സിയുടെ നേതൃത്വത്തിൽ എത്തുന്നത് ദുരൂഹമായ എന്തോ കാരണത്താൽ വൽസൻ ഏബ്രഹാമിന് ഇഷ്ടമല്ലായിരുന്നു. അതുകൊണ്ടാണ് കെ.സി.ജോണിനെ പ്രസിഡന്റാക്കിക്കൊണ്ടുള്ള സമവായത്തിന് വൽസൻ സമ്മതം മൂളിയത്. ഇതിന്റെയൊക്കെ പിന്നിൽ ഏതെങ്കിലും അദൃശ്യ കരങ്ങൾ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അത് ദൈവത്തിന്റെ കരങ്ങളല്ല സാക്ഷാൽ ചെകുത്താന്റെ കറുത്ത കരങ്ങളാണ് എന്ന് വ്യക്തം.

ഏതു കാളയ്ക്കും എത്ര ഉയരത്തിലും എത്താം എന്ന് കുറുപ്പുചേട്ടൻ പറഞ്ഞതുപോലെ ഈ കാളകൾ കൂടുതൽ ഉയരത്തിൽ എത്തിയിരിക്കയാണ്. ഇനി പൂർവ്വാധികം ശക്തിയോടെ വ്യഭിചരിക്കാം. സഭാസ്വത്തുക്കൾ കൊള്ളയടിക്കാം. എന്തു തോന്ന്യാസവും കാണിക്കാം. പെന്തക്കോസ്ത് പത്രങ്ങൾ പ്രതികരിക്കില്ല. വിശ്വാസികളോ പാസ്റ്റർമാരോ വായ് തുറക്കുകയുമില്ല. ഒരു പ്രശ്നമേയുള്ളൂ: ഡിഫെൻഡർ സത്യം തുറന്നു പറയും. അതുകൊണ്ട് ഡിഫെൻഡർ പൂട്ടിക്കണം. ബാലനെ തളയ്ക്കണം. അതിനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്.

പണ്ട് ടി.എസ്.ഏബ്രഹാം കുളത്തൂപ്പുഴക്കാരിക്ക് ദിവ്യഗർഭം സംഭാവന ചെയ്തപ്പോൾ ഡിഫെൻഡർ മാത്രമാണ് പ്രതികരിച്ചത്. ഗുണ്ടാപ്പടയെ ബാലനെതിരെ ഇളക്കി വിട്ടുകൊണ്ട് ടി.എസ്.ഏബ്രഹാം തിരിച്ചടിച്ചു. ഒട്ടേറെ കള്ളക്കേസ്സുകളും ബാലനെതിരെ കൊടുത്തു. വെള്ളം പോലെ പണം ഒഴുക്കി. ബാലന് ജയിൽശിക്ഷ വാങ്ങിക്കൊടുക്കാൻ വരെ ടി.എസ്.ഏബ്രഹാമിന്റെ പണത്തിന് കഴിഞ്ഞു. പക്ഷേ ബാലനെ ഒതുക്കാൻ കഴിഞ്ഞില്ല. ഇത്തവണ എന്തു തന്ത്രമാണ് പ്രയോഗിക്കുന്നതെന്ന് നിശ്ചയമില്ല. ബാലനെ ഒതുക്കണം എന്നല്ലാതെ ഏതു വിധത്തിൽ ഒതുക്കണം എന്ന് തീരുമാനിച്ചിട്ടില്ല എന്നാണ് കുമ്പനാട്ടുള്ളവർ അറിയിച്ചത്.

ഹെബ്രോൻ പൂരം കൊടിയിറങ്ങി

ഐ.പി.സിയുടെ ഇലക്ഷൻ പൂരം ആരവങ്ങളില്ലാതെ കൊടിയിറങ്ങി. ജനറൽ പ്രസിഡന്റ്, ജനറൽ വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടതിനാൽ ജോയിന്റ് സെക്രട്ടറി, ട്രഷറാർ എന്നീ സ്ഥാനങ്ങളിലേക്കു മാത്രമേ മത്സരം ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് ഏറെ ചൂടും വാശിയും ഉണ്ടായില്ല.

ജോയിന്റ് സെക്രട്ടറിയായി കെ.എം.ജോണും ട്രഷറാർ ആയി ഈപ്പൻ തോമസും തെരഞ്ഞെടുക്കപ്പെട്ടു. ബഞ്ചമിൻ വർഗീസും ഡോ.ജോർജ് തോമസും തോറ്റു. ശുഭം.

സംഗതി അത്ര ശുഭമൊന്നുമല്ല. ഒരുകോടിയിൽ അധികം രൂപ ഐ.പി.സിയുടെ തെരഞ്ഞെടുപ്പ് മാമാങ്കത്തിനായി ചെലവഴിച്ചു. സാത്താൻ തോറ്റോടുന്ന വിധത്തിലുള്ള ഹീനതന്ത്രങ്ങൾ മിക്ക സ്ഥാനാർത്ഥികളും പയറ്റി. ജയിച്ചത് ആരൊക്കെ ആയാലും തോറ്റത് ആത്മീയ മൂല്യങ്ങളാണ്.

പുതുപ്പള്ളിയച്ചൻ പുറത്തുപോകണം

കള്ളസാക്ഷ്യവുമായി പെന്തക്കോസ്തിൽ വിലസുന്ന ജോർജ് മാത്യു എന്ന പുതുപ്പള്ളിയച്ചൻ പെന്തക്കോസ്ത് വിട്ട് പുറത്തുപോകണം. മറ്റു ക്രൈസ്തവ വിഭാഗങ്ങളിലൊന്നും വേണ്ടാതാകുന്നവർക്ക് ചേക്കേറാനുള്ളതല്ല പെന്തക്കോസ്ത്.

അത്ഭുത വിടുതലിന്റെ വ്യാജ സാക്ഷ്യവുമായാണ് പുതുപ്പള്ളിയച്ചൻ പെന്തക്കോസ്തിൽ എത്തിയത്. ഓർത്തഡോക്സ് പുരോഹിതൻ പെന്തക്കോസ്തിലെത്തിയപ്പോൾ സ്വാഭാവികമായും വലിയ സ്വീകരണം ലഭിച്ചു. ഇയാൾ പറഞ്ഞ വ്യാജസാക്ഷ്യം മിക്കവരും വിശ്വസിച്ചു. അങ്ങനെ പുതുപ്പള്ളിയച്ചന് സ്റ്റേജുകൾ ലഭിച്ചു. എട്ടും പൊട്ടും തിരിയാത്ത വിശ്വാസികൾ അച്ചനെ ആവശ്യത്തിലധികം ബഹുമാനിച്ചു. അന്നവും അർത്ഥവും നൽകി ആദരിച്ചു. അങ്ങനെ പുതുപ്പള്ളിയച്ചൻ ഒന്നാംതരം പണക്കാരനായി.

ഇപ്പോഴിതാ സത്യം പുറത്താകുന്നു. തണ്ണിക്കോട്ടച്ചൻ ഉന്നയിച്ച ആരോപണങ്ങൾക്ക് മറുപടി പറയണം എന്ന് ഡിഫെൻഡർ പരസ്യമായി ആവശ്യപ്പെട്ടിട്ടും പുതുപ്പള്ളിയച്ചൻ മിണ്ടുന്നില്ല. എന്നാൽ പുതുപ്പള്ളിയച്ചന്റെ യഥാർത്ഥ കഥകൾ വിവരിക്കുന്ന കത്തുകൾ ഡിഫെൻഡർ ഓഫീസിലേക്ക് പ്രവഹിക്കുകയും ചെയ്യുന്നു. (ഇത്തരത്തിലുള്ള ഒരു കത്ത് അഞ്ചാം പേജിൽ).

പെന്തക്കോസ്തിലെത്തിയശേഷവും പുതുപ്പള്ളിയച്ചൻ പഴയപണി നിർത്തിയിട്ടില്ലെന്നതിനും ഡിഫെൻഡറിന് വിവരം കിട്ടിയിട്ടുണ്ട്. ഇതേപ്പറ്റി കൂടുതൽ അന്വേഷണം നടത്തിവരുന്നു. വിശദ വിവരങ്ങൾ ഏറെ താമസിയാതെ വെളിപ്പെടുത്താം.

ഐ.പി.സിയുടെ വിശ്വാസപ്രമാണം സ്വീകാര്യമല്ല: അച്ചൻകുഞ്ഞ്

ഐ.പി.സിയുടെ ഭരണഘടനയിൽ പറയുന്ന വിശ്വാസപ്രമാണം അക്ഷരാർത്ഥത്തിൽ ശരിയാണെന്ന് പറയാനാവില്ല എന്ന് ഐ.പി.സി. കേരള സ്റ്റേറ്റ് കൗൺസിൽ അംഗവും മരുപ്പച്ച ദൈവാരികയുടെ എഡിറ്ററുമായ അച്ചൻകുഞ്ഞ് ഇലന്തൂർ വ്യക്തമാക്കി. അച്ചൻകുഞ്ഞിനോട് വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ഡിഫെൻഡർ പ്രസിദ്ധീകരിക്കുന്ന ലേഖന പരമ്പരയേക്കുറിച്ച് ഫോണിൽ പ്രതികരിക്കുമ്പോഴാണ് അച്ചൻകുഞ്ഞ് തന്റെ നിലപാട് വ്യക്തമാക്കിയത്.

നിഖ്യാ വിശ്വാസപ്രമാണത്തിൽ പറയുന്ന കാര്യങ്ങൾ വിശ്വസിച്ചാൽ രക്ഷിക്കപ്പെടും. അതിൽ അധികമായതൊന്നും രക്ഷയ്ക്ക് ആവശ്യമില്ല. സ്നാനം, പരിശുദ്ധാത്മ സ്നാനം, വേർപാട് തുടങ്ങിയവയേക്കുറിച്ച് ഐ.പി.സിയുടെ ഭരണഘടനയിലുള്ള വിശ്വാസപ്രമാണങ്ങൾ കെ.ഇ.ഏബ്രഹാമിനേപ്പോലുള്ളവർക്ക് പറ്റിയ അബദ്ധത്തിന്റെ ഭാഗമായി ഉണ്ടായതാണ്. ഐ.പി.സിയിലെ അംഗമെന്ന നിലയിൽ അച്ചൻകുഞ്ഞും സാങ്കേതികമായി ഇതൊക്കെ വിശ്വസിക്കുന്നു, അതായത് വിശ്വസിക്കുന്നു എന്ന് പറയും. പക്ഷേ ഇതൊന്നും ശരിയായ വിശ്വാസപ്രമാണമായി അംഗീകരിക്കാൻ ആവില്ല. ഇവ വ്യാഖ്യാനിച്ച് എല്ലാ ക്രൈസ്തവ വിഭാഗങ്ങളേയും ഉൾക്കൊള്ളുന്ന വിശ്വാസപ്രമാണമാക്കാൻ കഴിയും. അതാണ് ചെയ്യേണ്ടതും.

മഹതിയാം ബാബിലോൺ എന്നത് കത്തോലിക്കാ സഭയാണ് എന്ന് കെ.ഇ.ഏബ്രഹാം പറഞ്ഞത് ശുദ്ധ അബദ്ധമാണ്. അറിവില്ലായ്മകൊണ്ടാണ് ഇങ്ങനെ അദ്ദേഹം പറഞ്ഞത്. കത്തോലിക്കാസഭയുടെ വിശ്വാസാചാരങ്ങളിൽ അടിയുറച്ചു നിന്നുകൊണ്ടുതന്നെ ഒരു വ്യക്തിക്ക് രക്ഷിക്കപ്പെടാനാവും. മദർ തെരേസ തന്നെ നല്ല ഉദാഹരണം. ഇങ്ങനെ പോകുന്നു അച്ചൻകുഞ്ഞ് പലപ്പോഴായി പറഞ്ഞ കാര്യങ്ങൾ.

ഇതൊക്കെയാണ് അച്ചൻകുഞ്ഞിന്റെ വിശ്വാസമെങ്കിൽ അച്ചൻകുഞ്ഞ് മാർത്തോമാ സഭ വിട്ട് എന്തിന് പെന്തക്കോസ്തിൽ വന്നു? എന്തിന് സ്നാനമേറ്റു? ഈ ചോദ്യത്തിന് തൃപ്തികരമായ ഒരു മറുപടി നാളിതുവരെ അച്ചൻകുഞ്ഞ് പറഞ്ഞിട്ടില്ല.

ഐ.പി.സിയുടെ വിശ്വാസപ്രമാണങ്ങൾ അംഗീകരിക്കുന്നവർക്കുമാത്രമാണ് ഐ.പി.സിയിൽ അംഗത്വം ലഭിക്കുക എന്നും ഈ വിശ്വാസപ്രമാണങ്ങളിൽ വിശ്വാസമില്ലാതെ വരുമ്പോൾ ആ വ്യക്തിക്ക് ഐ.പി.സിയിലുള്ള അംഗത്വം നഷ്ടമാകുമെന്നും ഐ.പി.സിയുടെ ഭരണഘടനയിൽ വ്യക്തമായി പറയുന്നുണ്ട്. പക്ഷേ ഐ.പി.സി ഇന്ന് സത്യവിശ്വാസത്തെ കൈവിട്ടു കഴിഞ്ഞതിനാൽ അച്ചൻകുഞ്ഞിനേപ്പോലുള്ള ദുരുപദേശക്കാർക്ക് ഐ.പി.സിയുടെ തലപ്പത്തെത്താൻ ബുദ്ധിമുട്ടുണ്ടാകുന്നില്ല.

ഐ.പി.സിയുടെ വിശ്വാസപ്രമാണങ്ങളിൽ വിശ്വാസമില്ല എന്ന് അച്ചൻകുഞ്ഞ് വ്യക്തമാക്കിയതായി ഡിഫെൻഡറിൽ എഴുതുമെന്ന് അറിയിച്ചപ്പോൾ ''ഞാൻ അങ്ങനെയൊന്നും പറഞ്ഞിട്ടില്ല'' എന്ന് പറയും എന്ന മറുപടിയാണ് അച്ചൻകുഞ്ഞ് നൽകിയത്. താൻ വിശ്വസിക്കാത്ത കാര്യങ്ങൾ വിശ്വസിക്കുന്നു എന്ന് കളവുപറഞ്ഞ് ഐ.പി.സിയിൽ വിലസുന്ന അച്ചൻകുഞ്ഞിന് ഒരു കളവുകൂടി പറയാൻ ശങ്കിക്കേണ്ടതില്ലല്ലോ.

മെയിലിംഗ് ലിസ്റ്റ് പുതുക്കുന്നു

ഡിഫെൻഡറിന്റെ മെയിലിംഗ് ലിസ്റ്റ് പുതുക്കുകയാണ്. വരിസംഖ്യ കുടിശികയുള്ളവരുടെ പേര് മറ്റൊരു അറിയിപ്പ് കൂടാതെ മെയിലിംഗ് ലിസ്റ്റിൽ നിന്ന് നീക്കം ചെയ്യുന്നതാണ്. അതുകൊണ്ട് ഡിഫെൻഡർ തുടർന്നും ലഭിക്കാൻ ആഗ്രഹമുള്ളവർ ഈ മാസം 30ന് അകം ലഭിക്കത്തക്കവിധം വരിസംഖ്യ അയച്ചുതരുക. വിലാസം രണ്ടാം പേജിൽ.

ദി ഡിഫെൻഡർ

Vol. No.9 Issue No. 18 2006 September 16

ഡി.ഐ.സിയുടെ ദുരന്തകഥ പാർട്ടികൾക്കെല്ലാം പാഠമാകട്ടെ

ഡി.ഐ.സി എന്ന രാഷ്ട്രീയ പാർട്ടി ഇല്ലാതാകുകയാണ്. ഇപ്പം മല മറിച്ചുകളയും എന്ന ഭാവത്തിൽ, സർവ്വ വിധ കോലാഹലങ്ങളോടുകൂടി രംഗത്തെത്തിയ ഈ രാഷ്ട്രീയ പ്രതിഭാസം അതിദയനീയമായ സ്ഥിതിയിലാണിപ്പോൾ. ഏതു നിമിഷവും അന്ത്യശ്വാസം വലിക്കാം എന്നതാണ് സ്ഥിതി.

വിശേഷിച്ച് ഒരു കാരണവും കൂടാതെ ഒരു ദിവസം പിതാവും പുത്രനും കൂടി കോൺഗ്രസ്സിൽ ബഹളം ആരംഭിക്കുകയായിരുന്നു. പക്ഷേ പതിവിനു വിപരീതമായി കളി കാര്യമായി. അങ്ങനെ ഡി.ഐ.സി പിറന്നു. ഇടതുപക്ഷ മുന്നണിയിൽ അഭയം കിട്ടുമെന്നും നിയമസഭാതെരഞ്ഞെടുപ്പിൽ യു.ഡി.എഫിനെ നാമവശേഷമാക്കാമെന്നും ഒക്കെയായിരുന്നു കണക്കുകൂട്ടൽ. കരുണാകരനില്ലാത്ത കോൺഗ്രസ്സ് വെറും ശവപ്പറമ്പാണെന്ന് ഹൈക്കമാന്റിനെ ബോദ്ധ്യപ്പെടുത്തി കോൺഗ്രസ്സിലേക്ക് തിരിച്ചു വരാമെന്നും പദ്ധതി ഇട്ടിരുന്നു. പക്ഷേ എല്ലാം മലർപ്പൊടിക്കാരന്റെ മനോരാജ്യം പോലെയായി. ഇടതുപക്ഷം കൈവിട്ടു. ഒടുവിൽ നാണംകെട്ട് യു.ഡി.എഫിൽ തിരിച്ചെത്തേണ്ടതായി വന്നു.

പൊതുജനം കഴുതയാണെന്ന് കരുതിയാണ് പിതാവും പുത്രനും ഈ കളിയൊക്കെ നടത്തിയത്. പക്ഷേ പൊതുജനത്തിന്റെ തലയിൽ അല്പം തലച്ചോറുണ്ടെന്ന് തെരഞ്ഞെടുപ്പു ഫലം വന്നപ്പോൾ വ്യക്തമായി. ഡി.ഐ.സിയിലെ സജീവ രാഷ്ട്രീയക്കാരെല്ലാം തോറ്റു. പറയത്തക്ക രാഷ്ട്രീയ ബന്ധമൊന്നുമില്ലാത്ത ഒരാൾ മാത്രം ജയിച്ചു.

ടി.എം.ജേക്കബ്ബും കൂട്ടരും യു.ഡി.എഫ് വിട്ടത് എന്തിനായിരുന്നു? ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായപ്പോൾ ടി.എം.ജോക്കബ്ബിനെ മന്ത്രിയാക്കിയില്ല എന്ന ഒറ്റ കാരണത്താൽ. ഇതല്ലാതെ എന്തെങ്കിലും ഗൗരവമുള്ള പ്രശ്നം ഉണ്ടായിരുന്നില്ല. ഡി.ഐ.സിയിൽ ചേരാൻ ജേക്കബ്ബ് എടുത്ത തീരുമാനം തെറ്റായിരുന്നു എന്ന് കാലം തെളിയിച്ചു. അങ്ങനെ, മോരില്ലേൽ ശകലം ഉണ്ടേക്കാം എന്ന പരുവത്തിൽ ജേക്കബ് യു.ഡി.എഫിന്റെ പടിവാതിൽക്കൽ കാത്തുകെട്ടി കിടക്കുന്നു.

കേരളത്തിലെ ജനങ്ങൾ രാഷ്ട്രീയ പ്രബുദ്ധരാണ്. അവരെ അത്ര വേഗം കബളിപ്പിക്കാനാവില്ല. അവനവനിസം എന്ന ഒറ്റ പ്രത്യയശാസ്ത്രത്തിന്റെ പിൻബലത്തിൽ ഒരു രാഷ്ട്രീയ പാർട്ടിക്കും കേരളത്തിൽ ഏറെക്കാലം പിടിച്ചു നിൽക്കാൻ ആവില്ല. ഈ വസ്തുത ലീഡറും പുത്രനും മനസ്സിലാക്കിയാൽ നന്ന്.

ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ജില്ല തിരിച്ച് കെട്ടുകളാക്കി പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ കൊടുക്കയാണ് ചെയ്യുന്നത്. സീലടിച്ച് അവർ അത് അയക്കയും ചെയ്യുന്നു. ഇവിടെ പത്രം നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ
വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

സത്യം സത്യമായി

''തൊട്ടേനേ ഞാൻ കൈകൾ കൊണ്ടെൻ തോഴിമാരേ" എന്ന് പണ്ട് ദമയന്തി പറഞ്ഞതായി ഉണ്ണായിവാര്യർ പറയുന്നു. "ഒന്നു തൊടാൻ ഉള്ളിൽ മോഹം" എന്ന് സിനിമപാട്ടെഴുത്തുകാരൻ കുമ്പസാരിക്കുന്നു. ''തൊട്ടു തൊട്ടില്ല, തൊട്ടു തൊട്ടില്ല" എന്ന് സിനിമാക്കാർ പണ്ടേ പറഞ്ഞു വെച്ചിട്ടുമുണ്ട്. ഗായകനായ പി.ജെ.ജോസഫ് ഇതിൽ ഏതു പാട്ടാണ് ഇപ്പോൾ പാടുന്നതെന്ന് അറിഞ്ഞുകൂടാ. പാട്ട് ഏതായാലും പണി പോയി എന്നു പറഞ്ഞാൽ മതിയല്ലോ. "മാനത്തോടെ ഇരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചു പോകുന്ന മൃഗങ്ങൾക്ക് തുല്യനത്രേ" എന്ന് ബൈബിൾ പറയുന്നത് എത്ര ശരി.

ബൈബിളിലെ ജോസഫിനുണ്ടായ അനുഭവം പി.ജെ. ജോസഫിനുണ്ടാകുമെന്ന് ഒരാൾ പറഞ്ഞിരുന്നത്രേ. യജമാനന്റെ ഭാര്യ ബൈബിളിലെ ജോസഫിനെ കടന്നു പിടിക്കുകയാണ് ഉണ്ടായതെന്ന് ബൈബിൾ പറയുന്നു. പക്ഷേ ഈ കേസ്സിലെ സ്ത്രീ ജോസഫിനെ കടന്നു പിടിച്ചെന്ന് ജോസഫ് പോലും പറഞ്ഞിട്ടില്ല. മാത്രമല്ല, ഈ സ്ത്രീയുടെ പിന്നിൽ ജോസഫ് സ്വന്ത ഇഷ്ടപ്രകാരം ചെന്നിരിക്കുകയായിരുന്നു. അതുകൊണ്ട് ഗൂഢാലോചനയെന്നുപോലും ആരോപിക്കാനുള്ള പഴുതില്ല. അപ്പോൾ ബൈബിളിലെ കഥ ഇവിടെ പ്രസക്തമാകുന്നതെങ്ങനെ എന്ന് പിടി കിട്ടുന്നില്ല.

തൊട്ടു എന്ന് ആരോപണമുണ്ടായപ്പോൾ മന്ത്രി രാജി വെച്ചു. പക്ഷേ അമ്മായിയമ്മയെ ഭാര്യയാക്കി എന്ന് ആരോപണം ഉണ്ടായിട്ടും പെന്തക്കോസ്ത് നേതാവിന് കുലുക്കമില്ല. വ്യഭിചാരം തൊഴിലാക്കുകയും ഗർഭഛിദ്രം വരെ നടത്തുകയും ചെയ്ത നേതാവ് ഇരുന്ന കസേരയിലാണ് ഈ ചങ്ങാതി ഇപ്പോൾ ഇരിക്കുന്നത്. അതുകൊണ്ട് ധാർമ്മികതയുടെ പ്രശ്നം ഉദിക്കുന്നുമില്ല.

നേതാക്കൻമാരുടെ ദുർന്നടപ്പു കഥകൾ വിവരിക്കുന്നതിനാൽ ഡിഫെൻഡർ വീട്ടിൽ കയറ്റാൻ കൊള്ളില്ല എന്നു വാദിക്കുന്നവർ മനോരമ ഉൾപ്പെടെയുള്ള പത്രങ്ങൾ വീട്ടിൽ കയറ്റുന്നുണ്ടോ അതോ മുറ്റത്തിരുന്ന് വായിച്ചിട്ട് ദൂരെ കളയുകയാണോ ചെയ്യുന്നത് എന്ന് അറിഞ്ഞാൽ കൊള്ളാം. ഏതായാലും സെക്യുലർ പത്രങ്ങളിലുള്ളത്ര നാറ്റക്കഥകൾ ഡിഫെൻഡറിലില്ല.

രാഷ്ട്രീയക്കാരുടെ തൊലിക്കട്ടി അപാരംതന്നെ. കോൺഗ്രസ്സും യു.ഡി.എഫും മഹാമോശം എന്നു പറഞ്ഞ് ലീഡറും കൂട്ടരും പുതിയ പാർട്ടി ഉണ്ടാക്കി. എൽ.ഡി.എഫ് ഒന്നാംതരം എന്ന് നാടുനീളെ പ്രസംഗിച്ചു നടന്നു. അവശിഷ്ട കോൺഗ്രസ്സിനേയും യു.ഡി.എഫിനേയും തോല്പിക്കുകയാണ് ജീവിതാഭിലാഷം എന്നും പറഞ്ഞു. ഒടുവിൽ തെരഞ്ഞെടുപ്പ് എത്തിയപ്പോൾ എല്ലാം തലതിരിഞ്ഞു. എൽ.ഡി.എഫ് കൈവിട്ടപ്പോൾ യു.ഡിഎഫിൽ മടങ്ങിയെത്തി. ഇടതുപക്ഷം മഹാമോശമെന്നും യു.ഡി.എഫ് ബഹുത്ത് അഛാ എന്നുമായി പല്ലവി. തെരഞ്ഞെടുപ്പിൽ തോറ്റ് തൊപ്പിയിട്ടപ്പോൾ ഇരു മുന്നണികളും മോശമാണെന്ന് പ്രഖ്യാപിച്ചു. ഒറ്റക്കു നിൽക്കുമെന്നും പ്രഖ്യാപിച്ചു. ഇപ്പോഴിതാ പരകായപ്രവേശം നടത്തി എൽ.ഡി.എഫിലെത്താൻ പെടാപ്പാട് പെടുന്നു. നാണം എന്ന വാക്കിന്റെ അർത്ഥം ഇവരൊക്കെ എത്രയും വേഗം ഇമ്പോസിഷൻ എഴുതിയെങ്കിലും പഠിക്കണം.

പകുതിയിലധികം കോൺഗ്രസ്സുകാരുടെ പിൻതുണയുണ്ടായിരുന്ന ലീഡറുടെ സ്ഥിതി ഇപ്പോൾ പരമ ദയനീയമാണ്. കുളിപ്പിച്ച് കുളിപ്പിച്ച് കൊച്ചില്ലാതായി എന്നു പറഞ്ഞാൽ മതിയല്ലോ. ഏതു പ്രതിസന്ധിയിലും കൂടെ നിന്നവർ പോലും കൈവിട്ടിരിക്കുന്നു. ഒടുവിൽ എൻ.സി.പിയിൽ ചേരാൻ ലീഡറും മകനും മാത്രമേ മിച്ചമുണ്ടാകൂ എന്നതാണ് ഇപ്പോഴത്തെ സ്ഥിതി.

ജേക്കബ്ബിന്റെ കാര്യം മഹാ കഷ്ടമാണ്. സ്വന്തമായി ഒരു പാർട്ടിയും കുറെ ഓഫീസുകളും ഒക്കെ ഉണ്ടായിരുന്നതാണ്. അതൊക്കെ അടിയറ വെച്ച് ഡി.ഐ.സിയിൽ ലയിച്ചു. ഇപ്പോൾ കടിച്ചതുമില്ല പിടിച്ചതുമില്ല എന്ന പരുവത്തിലായി. യു.ഡി.എഫ് കനിഞ്ഞാൽ രക്ഷപ്പെടാം. ഇല്ലെങ്കിൽ പെരുവഴി തന്നെ ശരണം. പാർട്ടി ഓഫീസുകൾ വിട്ടുകൊടുക്കാതിരുന്നതുകൊണ്ട് അത്രയും ബുദ്ധിമുട്ട് ഒഴിവായിക്കിട്ടി. ഭാഗ്യത്തിന് പാർട്ടിയുടെ രജിസ്ട്രേഷനും നഷ്ടമായിട്ടില്ല. അതുകൊണ്ട് പഴയ ജേക്കബ് ഗ്രൂപ്പ് പൊടി തട്ടിയെടുത്ത് കഴിഞ്ഞുകൂടാം.

സി.പി.ഐയും ആർ.എസ്.പിയും വീണ്ടും ലീഡർക്ക് വിലങ്ങുതടിയാകുന്നു. എങ്ങനെയെങ്കിലും ഇടതുമുന്നണിയിൽ കയറിക്കൂടി രക്ഷപ്പെടാമെന്നു വിചാരിച്ചാൽ അതിനും സമ്മതിക്കുന്നില്ല ഇവർ. ഈ പാർട്ടികൾ ഇങ്ങനെ തുടങ്ങിയാൽ ലീഡറും പുത്രനും എന്തുചെയ്യും?

ഹൃദയം ഇത്രത്തോളം കുഴപ്പമുണ്ടാക്കുമെന്ന് ഒരു പോലീസുകാരനും കരുതിയിരിക്കില്ല. ഹൃദയത്തെ പേടിച്ചിട്ട് ആരേയും കസ്റ്റഡിയിൽ എടുക്കാനാവാത്ത സ്ഥിതിയായിരിക്കുന്നു. വല്ല സംശയവും തോന്നി ആരേയെങ്കിലും കസ്റ്റഡിയിലെടുത്താൽ ഉടൻ പ്രതിയുടെ രക്തസമ്മർദ്ദം കൂടും. ചിലരുടെ സമ്മർദ്ദം കുറയും. രണ്ടിലേതായാലും ഹൃദയം സ്തംഭിക്കും. അതോടെ പ്രതിയുടെ കഥ കഴിയും. പിന്നത്തെ കഥ പറയണോ? സസ്പെൻഷനായി, അന്വേഷണമായി, കേസ്സായി, നഷ്ടപരിഹാരമായി, അങ്ങനെ പൊല്ലാപ്പുകൾ നീണ്ടുപോകുന്നു. ഒരു പ്രതിയേയും പിടിക്കാതെ അടങ്ങിയിരിക്കാമെന്നു വെച്ചാൽ "പോലീസ് നിഷ്ക്രിയം" എന്നു പറഞ്ഞ് ബഹളം തുടങ്ങും. ചെകുത്താനും കടലിനും ഇടയിൽ പെട്ട സ്ഥിതി.

വ്യാജരേഖ ചമയ്ക്കുന്നതിൽ എം.എൽ.എമാർ എത്ര മോശക്കാരല്ലെന്ന് തെളിയുന്നു. പണ്ട് ശോഭനാജോർജ് ഒരെണ്ണം ചമച്ച് കേസ്സിൽ പെട്ടു. ഇപ്പോഴിതാ മറ്റു രണ്ട് എം.എൽ.എമാർ പ്രതികളായിരിക്കുന്നു. ഇക്കണക്കിനു പോയാൽ വ്യാജ എം.എൽ.എമാർ വരെ ഉണ്ടായെന്നും വരാം.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.

ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്

ബസ്റ്റ് കോംപ്ലക്സ്

കെ.എസ്.ആർ.ടി.സിക്ക് സമീപം

പെരുമ്പാവൂർ. ഫോൺ : 0484-3232356, 9447414608

കാൽവറി ബിഷപ്പ് ഒളിവിൽ

ഇന്റർനാഷണൽ കാൽവറി മിഷൻ ട്രസ്റ്റ് എന്ന പേരിൽ ട്രസ്റ്റുണ്ടാക്കി കോടികൾ വെട്ടിച്ച ബിഷപ്പ് ജോബ് സരവണൻ അറസ്റ്റ് ഭയന്ന് ഒളിവിൽ പോയി. സൗജന്യമായി വീടുകൾ നൽകുമെന്ന് വാഗ്ദാനം ചെയ്താണ് ഇയാൾ സാധുക്കളെ കബളിപ്പിച്ചത്.

ഇയാളുടെ പ്രവർത്തനത്തേക്കുറിച്ച് അറിഞ്ഞപ്പോൾത്തന്നെ ഇത് തട്ടിപ്പാണെന്നും ദൈവജനം സൂക്ഷിക്കണമെന്നും ഡിഫെൻഡർ മുന്നറിയിപ്പ് പ്രസിദ്ധീകരിച്ചിരുന്നു. (ആഗസ്റ്റ് ഒന്ന് ലക്കം നോക്കുക). പക്ഷേ അത് മിക്കവരും കാര്യമായെടുത്തില്ല. ഡിഫെൻഡർ എന്നത് കള്ളം മാത്രം പ്രസിദ്ധീകരിക്കുന്ന പത്രമാണെന്നും സാധുക്കൾക്ക് വീടു ലഭിക്കുന്നത് തടയാനായി സാത്താൻ ഡിഫെൻഡറിനെ ഉപയോഗിക്കുകയാണെന്നും വരെ പ്രചരണമുണ്ടായി. എന്നാൽ ഡിഫെൻഡറിന്റെ മുന്നറിയിപ്പ് ഗൗരവമായെടുത്തവർ തട്ടിപ്പിനിരയാകാതെ രക്ഷപ്പെട്ടു.

കാൽവറി മിഷന്റെ പ്രവർത്തനങ്ങളോട് സാമ്യമുള്ള മറ്റൊരു ട്രസ്റ്റും മദ്രാസിൽ പ്രവർത്തിച്ചിരുന്നു. ആ തട്ടിപ്പു പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത ബിഷപ്പ് ആനന്ദരാജാണ് ആദ്യം പോലീസ് പിടിയിലായത്. ആ വാർത്ത ഡിഫെൻഡറിന്റെ ഓഗസ്റ്റ് 16 ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇത് ഒരു വ്യാജനാണെന്നും അതുകൊണ്ടാണ് പോലീസ് പിടിയിലായതെന്നും കാൽവറി ട്രസ്റ്റ് ഇത്തരത്തിലുള്ള തട്ടിപ്പ് പ്രസ്ഥാനമല്ലെന്നും മറ്റും പറഞ്ഞ് കാൽവറി മിഷന്റെ പ്രവർത്തകർ തട്ടിപ്പു തുടർന്നു. പക്ഷേ ഈ മാസം ആദ്യ വാരത്തിൽത്തന്നെ കാൽവറി മിഷന്റെ തട്ടിപ്പും വെളിച്ചത്തായി. ഈ സംഭവത്തേക്കുറിച്ച് ന്യൂസ് ട്യൂഡേയിൽ വന്ന വാർത്ത ഇതോടൊപ്പം ചേർക്കുന്നു.

വീട് നൽകാമെന്ന് വാഗ്ദാനം ചെയ്ത് 100 കോടി രൂപ ഈ വ്യാജ ബിഷപ്പ് തട്ടിയെടുത്തതായാണ് വാർത്തയിൽ കാണുന്നത്. തട്ടിപ്പിനിരയായവർ കൊടുത്ത പരാതിയിൽ പോലീസ് അന്വേഷണം നടത്തി വരുന്നു. അറസ്റ്റ് ഭയന്ന് ബിഷപ്പ് ഒളിവിൽ പോയി. മുൻകൂർ ജാമ്യത്തിന് മദ്രാസ് ഹൈക്കോടതിയെ സമീപിച്ചെങ്കിലും ജാമ്യം ലഭിച്ചില്ല.

വീടുകൾ നൽകുന്നത് സൗജന്യമായാണെങ്കിലും ഇതിന് മേൽനോട്ടം വഹിക്കുന്ന വ്യക്തി വീടുണ്ടാക്കാനുള്ള ചെലവിന്റെ 10 ശതമാനം കെട്ടിവെയ്ക്കണമെന്നായിരുന്നു നിബന്ധന. അങ്ങനെ നിരവധി കോൺട്രാക്ടർമാർ പണം കൊടുത്തു. പക്ഷേ വീടുപണിയാനുള്ള പണം തക്ക സമയത്ത് ലഭിച്ചില്ല. അതോടെ പ്രശ്നമായി. തമിഴ്നാട്ടിലും കേരളത്തിലും മറ്റുമായി 650 കോൺട്രാക്ടർമാർ ഇങ്ങനെ കബളിപ്പിക്കപ്പെട്ടിട്ടുണ്ട് എന്നാണ് കേൾക്കുന്നത്. ബിഷപ്പിന്റെ സഹായികളായ രാജൻ, പാസ്റ്റർ ദാനിയേൽ എന്നിവരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്.

കേരളത്തിൽ പുനലൂരിന് സമീപം കരവാളൂരിലുള്ള ഒരു പാസ്റ്റർ ഈ ഭവനദാന പദ്ധതിയിൽ ആകർഷിക്കപ്പെട്ട് കഷ്ടത്തിലായതായി അറിയുന്നു. മുപ്പതു ലക്ഷത്തിലധികം രൂപ പലരിൽ നിന്നായി വാങ്ങി ഈ പാസ്റ്റർ വ്യാജ ബിഷപ്പിന് നൽകിയത്രേ. ഇതുപോലെ തട്ടിപ്പിനിരയായവർ കേരളത്തിലും ഏറെയുണ്ട്.

സൗജന്യമായി വീടു ലഭിക്കുമെന്ന് കരുതി ഉള്ള വീടും പൊളിച്ചു കളഞ്ഞ് അബദ്ധത്തിലായവരും കുറവല്ല. ഉടൻ പണം ലഭിക്കും എന്നു കരുതി അവർ ഉള്ള വീട് പൊളിച്ച് പുതിയ വീടിനുള്ള ഒരുക്കങ്ങൾ ചെയ്തു. പക്ഷേ പണം എത്തിയില്ല. അങ്ങനെ ഉള്ള വീടും ഇല്ലാതായി.

ബിഷപ്പ് ജോബ് സരവണൻ

ആരേയും പറഞ്ഞ് മയക്കാൻ കഴിവുള്ള ആളാണ് സരവണൻ എന്നാണ് പോലീസ് പറയുന്നത്. ഇദ്ദേഹം പറയുന്നത് കേട്ടാൽ ആരും വിശ്വസിച്ചുപോകുമത്രേ. ആ കഴിവ് ഉപയോഗിച്ചാണ് ഇയാൾ ആയിരങ്ങളെ കബളിപ്പിച്ചത്. കേരളത്തിലെ നിരവധി പാസ്റ്റർമാരും ഇയാളുടെ തട്ടിപ്പിന് ഇരയായിട്ടുണ്ട്.

കേരളത്തിലെ പെന്തക്കോസ്ത് നേതാക്കൻമാരേപ്പോലെ തികഞ്ഞ സദാചാര വിരുദ്ധ ജീവിതമാണ് ഇയാൾ നയിച്ചിരുന്നത്. പല സ്ഥലങ്ങളിലായി ഇയാൾക്ക് ആറു ഭാര്യമാർ ഉണ്ട്. എല്ലാവർക്കും ബംഗ്ലാവുകൾ പണിയിച്ചു കൊടുക്കുകയും ചെയ്തു. കൂടാതെ ഒരുകോടി രൂപ വീതം ഓരോ ഭാര്യക്കും ഫിക്സഡ് ഡിപ്പോസിറ്റായി നൽകിയിട്ടുമുണ്ട്.

ദൈവദാസൻമാരുടെ വേഷത്തിൽ നടക്കുന്ന കള്ളൻമാരെ വിമർശിച്ചാൽ നരകത്തിൽ പോകുമെന്നും സഭാനേതാക്കൻമാരെ വിമർശിക്കുന്ന ഡിഫെൻഡർ സാത്താന്റെ പത്രമാണെന്നും മറ്റും പറയുന്നവർ ഇത്തരക്കാരുടെ പിടിയിൽ പെടുന്നത് അത്ഭുതമല്ല.

ഇത് പെന്തക്കോസ്ത് പത്രങ്ങളുടെ പരാജയം

സാധുക്കളായ ഒട്ടേറെ വിശ്വാസികളും അവർക്ക് വീട് നൽകി സഹായിക്കാൻ തയ്യാറായി ഇറങ്ങി പുറപ്പെട്ട കുറെ പാസ്റ്റർമാരും വ്യാജ ബിഷപ്പിന്റെ തട്ടിപ്പിനിരയായി അത്മഹത്യയുടെ വക്കിൽ നിൽക്കുന്നതിന് ഇടയാക്കിയതിൽ പെന്തക്കോസ്ത് പത്രങ്ങൾക്കുള്ള പങ്ക് ചെറുതല്ല. കള്ളൻ വരുന്നതു കണ്ട് കുരച്ച് മുന്നറിയിപ്പുകൊടുക്കുന്ന നായ്ക്കളേപ്പോലെയാകണം പത്രങ്ങൾ. ഡിഫെൻഡർ ഒഴികെ ഒരു പെന്തക്കോസ്ത് പത്രവും ഇത്തരത്തിലുള്ള മുന്നറിയിപ്പ് കൊടുക്കാൻ തയ്യാറാകുന്നില്ല. കാൽ നൂറ്റാണ്ടിന്റെ പാരമ്പര്യം പറയുന്ന ഗുഡ്ന്യൂസ് ഉൾപ്പെടെയുള്ളവർ നല്ലപിള്ള ചമയാനുള്ള ശ്രമത്തിനിടയിൽ പത്രധർമ്മം മറക്കുകയാണ്. ഹീനമായ ഈ ബിസിനസ്സ് തന്ത്രം വിശ്വാസികൾ തിരിച്ചറിഞ്ഞ് പ്രതികരിക്കാൻ തയ്യാറായാൽ പെന്തക്കോസ്ത് പത്രങ്ങൾക്ക് നയം മാറ്റേണ്ടതായി വരും.

Bishop who had six wives and several crores

A sordid, lurid saga unfolds

NT Bureau: Chennai, Sept 6:

The saga of self-styled bishops cheating seems a never-ending one. After the allegations made on Arputharaj, now it is turn for another Bishop Yobu Saravanan to hit the headlines for all the wrong reasons.

A petition seeking anticipatory bail filed by Yobu Saravanan, who had allegedly cheated Rs 100 crore from building contractors, was today dismissed by the Madras High Court today. The affected parties in the cheating case had also filed a plea with the court not to entertain his bail application.

It is said that bishop Yobu Saravanan was running an organisation called Kalvari Trust in Vellore and Chennai. Claiming that he was going to start a project to construct houses for poor with the help of foreign funds, Yobu Saravanan started collecting deposit amounts ranging from Rs one lakh to five lakh from building contractors. Irked by the non-commencement of the construction project for many months, contractors started pressurising Yobu Saravanan to refund their deposit amount.

But it is said that Yobu Saravanan had threatened the contractors with dire consequences with the help of some hired goons. Following this, as many as 650 contractors of Tamilnadu and Kerala filed complaints with the Chennai Central Crime Branch against Yobu Saravanan. Based on the complaints, the police team headed by Inspector Naseer Baasha arrested one Rajan (38) and Pastor Daniel (53) for acting as agents for Yobu Saravanan. Through further investigations police came to know that Yobu Saravanan was well versed in 'mesmerising' people and had married six women by using his 'skills'. Police sources said that he had deposited a whopping amount of Rs one crore in the name of each of his wife and had presented them a bungalow.

Police also said that Yobu Saravanan used to cast a spell on contractors too. Coming to know that police were on the look out for him, Yobu Saravanan went into a hiding and has also taken away the deposited amount. He filed a petition in the High Court seeking anticipatory bail.

But the court dismissed the plea after the Government Pleader said that the bishop had cheated several people all across the State and elsewhere and hence advance bail should not be granted to him.

Justice K N Badsha who heard the arguments dismissed the plea for anticipatory bail by Yobu Saravanan and six others involved in the case.

നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കു വേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്

ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ

ഫോൺ: 0484-3232356
മൊബൈൽ: 94474 14608

ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

പെന്തക്കോസ്ത് നന്നാകുന്ന ലക്ഷണമില്ല

എന്നെ തല്ലെണ്ടമ്മാവാ, ഞാൻ നന്നാകത്തില്ല എന്ന് സത്യസന്ധനായ ഒരു മരുമകൻ അമ്മാവനോട് പറഞ്ഞതായി കേട്ടിട്ടുണ്ട്. പെന്തക്കോസ്തിന്റെ ഇന്നത്തെ സ്ഥിതി അതാണ്. എത്ര തല്ലിയാലും നന്നാകില്ല.

രക്ഷിക്കപ്പെടാത്തവരുടെ എണ്ണം പെന്തക്കോസ്തിൽ അനുദിനം വർദ്ധിച്ചു വരികയാണ്. പിൻമാറ്റക്കാരുടെ എണ്ണത്തിലും വർദ്ധനവുണ്ടാകുന്നു. ഇങ്ങനെയുള്ളവരാണ് പെന്തക്കോസ്തിനെ ഇന്നത്തെ സ്ഥിതിയിൽ എത്തിച്ചത്.

ലാബാന്റെ വീട് വിട്ടിറങ്ങിയ റാഹേൽ ലാബാന്റെ ഗൃഹബിംബവുംകൂടി കൊണ്ടുപോന്നതുപോലെ സമുദായം വിട്ട് പെന്തക്കോസ്തിലെത്തിയ മിക്കവരും സമുദായത്തിലെ ഒട്ടേറെ വിശ്വാസാചാരങ്ങളും കൂടെ കൊണ്ടുപോന്നു. പെന്തക്കോസ്ത് സഭകളിൽ ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങളുടെ മൂല കാരണം ഇതാണ്.

പൗരോഹിത്യത്തിന്റെ കാര്യം തന്നെ ഉദാഹരണമായെടുക്കാം. സമുദായങ്ങളിൽ നിലനിൽക്കുന്ന പൗരോഹിത്യത്തെ പെന്തക്കോസ്തുകാർ എന്നും എതിർക്കയും പരിഹസിക്കയും ചെയ്യുന്നു. പക്ഷേ അതേ പൗരോഹിത്യം ഇന്ന് പെന്തക്കോസ്തിൽ പിടിമുറുക്കിക്കഴിഞ്ഞു. മെത്രാൻ കൈവച്ച് പട്ടം കൊടുക്കുന്നതുപോലെ സഭാനേതാവ് കൈവച്ച് ഓർഡിനേഷൻ കൊടുക്കുന്നു. പുരോഹിതനും വിശ്വാസിയും തമ്മിൽ വ്യത്യാസമുള്ളതുപോലെ ഓർഡിനേഷൻ ലഭിച്ച പാസ്റ്ററും വിശ്വാസിയും തമ്മിൽ വ്യത്യാസമുണ്ട്. അച്ചൻമാരുടെ കുപ്പായം പോലെ നീളമുള്ള വസ്ത്രം പോലും പെന്തക്കോസ്ത് പാസ്റ്റർമാർ ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു. പാസ്റ്റർമാരെ അച്ചൻ എന്നു വിളിക്കാൻ തുടങ്ങിയിട്ടില്ലെന്നു മാത്രം. എങ്കിലും പാസ്റ്ററെ സഹോദരാ എന്നു വിളിച്ചാൽ ആകാശം ഇടിഞ്ഞു വീഴുകതന്നെ ചെയ്യും. സംശയമുള്ളവർ ഒന്നു പരീക്ഷിച്ചു നോക്കൂ.

ദശാംശം എന്നൊരു പരിപാടി പുതിയനിയമ സഭയിലില്ല. വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവന് എല്ലാ നൻമയിലും ഓഹരി കൊടുക്കണം എന്നുമാത്രമാണ് പറയുന്നത്. പക്ഷേ സ്ത്രീധനത്തിന്റെ ദശാംശം വരെ കണക്കു പറഞ്ഞ് വാങ്ങുന്ന സ്ഥിതിയാണ് ഇന്ന് പെന്തക്കോസ്തിലുള്ളത്. ജോലിയൊന്നും ചെയ്യാതെ സുഖമായി ജീവിക്കാനുള്ള ഒരു എളുപ്പമാർഗ്ഗമാണ് ഉപദേശിപ്പണി.

സമുദായത്തിൽ ശിശുസ്നാനമുണ്ട്. അതുപോലെ പെന്തക്കോസ്തിൽ ശിശുപ്രതിഷ്ഠയുണ്ട്. വളരെ ആഘോഷമായി അത് നടത്തുകയും ചെയ്യുന്നു. സമുദായക്കാർ വീട് വെഞ്ചരിക്കും. പെന്തക്കോസ്തുകാർ ഭവന പ്രതിഷ്ഠ നടത്തും. സമുദായക്കാർ പള്ളിക്കെട്ടിടം വെഞ്ചരിക്കും. പെന്തക്കോസ്തുകാർ സഭാഹാൾ പ്രതിഷ്ഠിക്കും. വിവാഹ ശുശ്രൂഷ, ശവസംസ്ക്കാരം തുടങ്ങിയവയുമായി ബന്ധപ്പെട്ട് പെന്തക്കോസ്തിലുള്ള അനാചാരങ്ങളും സമുദായങ്ങളിൽ നിന്നും കടംകൊണ്ടതാണ്. അങ്ങനെ പെന്തക്കോസ്തുകാർ മറ്റൊരു ക്രൈസ്തവ സമുദായമായി മാറിക്കഴിഞ്ഞു.

ദൈവവചന പഠനം പെന്തക്കോസ്തിൽ അനുദിനം കുറഞ്ഞു വരുന്നു. ഇതാ വരുന്നു അനുഗ്രഹം എന്ന സ്ഥിരം പല്ലവി മാത്രമാണ് ഇപ്പോൾ പ്രസംഗമെന്ന പേരിൽ കേൾക്കുന്നത്. അനുഗ്രഹം എന്നു പറഞ്ഞാൽ രോഗശാന്തി, സാമ്പത്തിക ഉയർച്ച തുടങ്ങിയ ഭൗതിക കാര്യങ്ങളാണ്. ഭൂരിപക്ഷം പെന്തക്കോസ്തുകാരും കർത്താവിൽ നിന്ന് പ്രതീക്ഷിക്കുന്നതും ഇത്തരം കാര്യങ്ങൾ മാത്രമാണ്.

പെന്തക്കോസ്തിൽ ഉള്ളത്ര വ്യഭിചാരം, സാമ്പത്തിക വെട്ടിപ്പ് തുടങ്ങിയവ ഒരു ക്രൈസ്തവ സമുദായത്തിലുമില്ല. സഭാസ്വത്തുക്കൾ കൊള്ളയടിക്കുന്നത് തെറ്റായി പെന്തക്കോസ്ത് നേതാക്കൻമാർ കരുതുന്നതേയില്ല. കെ.സി.ജോൺ, വൽസൻ ഏബ്രഹാം, ടി.ജി.കോശി, ടി.പി.ഏബ്രഹാം തുടങ്ങിയ സഭാനേതാക്കൻമാർ മോഷണം തൊഴിലാക്കിയവരാണ്. ഇതിനെതിരെ പ്രതികരിക്കാൻ പോലും ആളില്ല.

പെന്തക്കോസ്ത് സഭകൾ വ്യഭിചാരത്തിന്റെ കേന്ദ്രമാണ്. പ്രവാചകൻമാരുടെ വേഷത്തിൽ നടന്ന് വ്യഭിചരിക്കുന്നവർ നൂറുകണക്കിനുണ്ട്. സുരേഷ് ബാബു, സാമച്ചൻ തുടങ്ങിയവർ ഇന്റർനാഷണൽ തലത്തിലാണ് വ്യഭിചരിക്കുന്നത്. ഇവരെ സ്വന്തം വീട്ടിൽ സ്വീകരിക്കാനും എല്ലാവിധ സുഖസൗകര്യങ്ങളും നൽകാനും പെന്തക്കോസ്തുകാർ മത്സരിക്കയാണ്. പെന്തക്കോസ്തിൽ മാത്രമേ ഇത്ര ഗുരുതരമായ സ്ഥിതിവിശേഷമുള്ളൂ. മറ്റേതെങ്കിലും ക്രൈസ്തവ സമുദായത്തിലായിരുന്നെങ്കിൽ ഇവരൊക്കെ പണ്ടേ സഭയ്ക്കു പുറത്താകുമായിരുന്നു.

എഴുപതു വർഷത്തെ പാരമ്പര്യമുള്ള ഐ.പി.സിക്ക് പുതിയ പ്രസിഡന്റിനേയും സെക്രട്ടറിയേയും ഈയിടെ തെരഞ്ഞെടുത്തു. സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ച കെ.സി.ജോൺ പ്രസിഡന്റായി. വീരപ്പനെ വെല്ലുന്ന കൊള്ളക്കാരനായ വൽസൻ ഏബ്രഹാം സെക്രട്ടറിയുമായി. സ്വഭാവ ശുദ്ധിയുള്ള രണ്ടു ദൈവദാസൻമാരെ ഐ.പി.സിയിൽ കണ്ടെത്താൻ കഴിഞ്ഞില്ല.

പെന്തക്കോസ്തിലെ സ്ഥിതി പരമ ദയനീയമാണ്. ആത്മീയമായി സഭകൾ അധഃപതിച്ചിരിക്കുന്നു. ദുർന്നടപ്പ് കൊടികുത്തി വാഴുന്നു. ഈ സ്ഥിതി തുടർന്നാൽ പെന്തക്കോസ്ത് സഭകളുടെ സ്ഥിതി പരമ ദയനീയമാകും.

ഡിഫെൻഡർ മറുപടി പറയുന്നു

? ഞങ്ങളുടേത് ഒരു സ്വതന്ത്ര സഭയാണ്. ഈയിടെ ഞങ്ങൾ സഭ ഒരു ട്രസ്റ്റായി രജിസ്റ്റർ ചെയ്തു. ഞങ്ങൾക്ക് വിവാഹം നടത്താനും ശവസംസ്ക്കാരം നടത്താനും മറ്റും അധികാരമുണ്ടോ?

■ ഐ.പി.സി ഉൾപ്പെടെയുള്ള പെന്തക്കോസ്ത് സഭകൾക്കുള്ള എല്ലാ അവകാശങ്ങളും അധികാരങ്ങളും നിങ്ങൾക്കുണ്ട്. പക്ഷേ വിവാഹം നടത്താൻ ഐ.പി.സി ഉൾപ്പെടെ ഒരു പെന്തക്കോസ്ത് സഭയ്ക്കും സർക്കാർ അധികാരം നൽകിയിട്ടില്ല. ശവമടക്കാൻ വിശേഷിച്ച് ഒരു അധികാരം ആവശ്യവുമില്ല.

ഇന്ത്യൻ ക്രിസ്ത്യൻ വിവാഹ നിയമം അനുസരിച്ച് ബിഷപ്പ് നിയമിച്ച പുരോഹിതനും ക്രിസ്ത്യൻ വിവാഹ രജിസ്ട്രാർക്കും മാത്രമേ ക്രിസ്ത്യൻ വിവാഹം നടത്തിക്കൊടുക്കാൻ അധികാരമുള്ളൂ. പെന്തക്കോസ്തുകാർക്ക് ബിഷപ്പും പുരോഹിതനും മറ്റുമില്ല. അതുകൊണ്ട് ക്രിസ്ത്യൻ വിവാഹ രജിസ്ട്രാറെ ആശ്രയിക്കണം. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ പാസ്റ്റർമാരെ വിവാഹ രജിസ്ട്രാർമാരായി സർക്കാർ നിയമിച്ചിട്ടുണ്ട്. മലബാറിലും ചിലർക്ക് ലൈസൻസുള്ളതായി കേട്ടു. തിരുക്കൊച്ചി ഏരിയായിൽ ആർക്കും ലൈസൻസ് ഉള്ളതായി അറിവില്ല. പാസ്റ്റർമാർ നടത്തുന്ന വിവാഹത്തിന്റെ നിയമസാധുത ആരും കോടതിയിൽ ചോദ്യം ചെയ്തിട്ടില്ലാത്തതിനാൽ വലിയ പ്രശ്നമൊന്നും കൂടാതെ കാര്യങ്ങൾ നടക്കുന്നു എന്നു മാത്രം. വിവാഹം സിവിൽ വിഷയമായതുകൊണ്ട് സമുദായാചാരത്തെ ഒരളവോളം സർക്കാർ വിലമതിക്കുന്നുമുണ്ട്.

വിവാഹ ശുശ്രൂഷ എന്നൊരു ശുശ്രൂഷ ദൈവസഭയിലില്ല. ഒരു ദൈവദാസനും വിവാഹം നടത്തി കൊടുത്തതായി പുതിയനിയമത്തിൽ കാണുന്നുമില്ല. ഇന്ന് പെന്തക്കോസ്തിൽ കാണുന്ന തരത്തിലുള്ള വിവാഹം സമുദായത്തിൽ നിന്നും കടം കൊണ്ടതാണ്. അതുകൊണ്ട് വിവാഹം എന്നത് ആത്മീയ ശുശ്രൂഷയായി കാണേണ്ടതില്ല. വിവാഹം എല്ലാവർക്കും മാന്യം. അതുകൊണ്ടാണ് ഏതു സമുദായാചാരപ്രകാരം നടത്തിയ വിവാഹവും ദൈവസഭ അംഗീകരിക്കുന്നത്. വിവാഹിതരായവർ രക്ഷിക്കപ്പെട്ട് വരുമ്പോൾ അവരെ സ്നാനപ്പെടുത്തുമെങ്കിലും വീണ്ടും വിവാഹം കഴിപ്പിക്കുന്നില്ലല്ലോ.

സ്പെഷ്യൽ മാര്യേജ് ആക്ട് അനുസരിച്ച് പെന്തക്കോസ്ത് വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് ഉചിതമായിരിക്കും. വരനോ വധുവോ കഴിഞ്ഞ മുപ്പതു ദിവസത്തിൽ അധികം സ്ഥിരമായി താമസിക്കുന്ന സ്ഥലത്തുള്ള സബ് രജിസ്ട്രാർ ഓഫീസിൽ അപേക്ഷ കൊടുക്കുകയാണ് ആദ്യ പടി. ഈ അപേക്ഷയുടെ കോപ്പി 30 ദിവസം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കും. അതു കഴിഞ്ഞ് മൂന്നു മാസത്തിനകം എപ്പോൾ വേണമെങ്കിലും വിവാഹം രജിസ്റ്റർ ചെയ്യാം. മൂന്നു സാക്ഷികളും വേണം. വിവാഹം നിശ്ചയിച്ചാൽ ഒരു മാസത്തെ കാലതാമസം ഉണ്ടാകും എന്നതു മാത്രമാണ് പ്രധാന പ്രശ്നം. വിവാഹം രജിസ്റ്റർ ഓഫീസിൽ നടത്തണമെന്ന് നിയമമില്ല. രജിസ്ട്രാറെ നിശ്ചിത ഫീസടച്ച് വിവാഹം നടക്കുന്ന സ്ഥലത്തേക്ക് കൊണ്ടുവരാനും കഴിയും.

സമുദായാചാരപ്രകാരം നടന്ന വിവാഹവും ഈ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്യാം. നോട്ടീസ് കൊടുത്ത് 30 ദിവസം കഴിഞ്ഞ് മൂന്നു സാക്ഷികളുമായി ചെന്ന് വിവാഹം രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ വിവാഹമെന്നത് വചന വിരുദ്ധമാണെന്നു കരുതുന്ന ശുദ്ധാത്മാക്കൾ ശ്രദ്ധിക്കുക, ദൈവവചനത്തിൽ ഇതിനെതിരായി ഒരു പരാമർശം പോലും ഇല്ല.

ഓർഡിനേഷൻ കിട്ടിയ പാസ്റ്റർമാർക്ക് വിവാഹം നടത്താനുള്ള അധികാരമുണ്ട് എന്ന ധാരണ തിരുത്തുക. ഐ.പി.സി ഉൾപ്പെടെയുള്ള ഒരു പെന്തക്കോസ്ത് സഭയും നൽകുന്ന ഓർഡിനേഷന് കടലാസിന്റെ വിലപോലും ഈ രാജ്യത്തെ നിയമത്തിലില്ല. വിവാഹം നടത്താൻ ഇവർക്ക് അധികാരവുമില്ല.

ഇനി ശവമടക്കിന്റെ കാര്യം. ശവമടക്കാൻ വിശേഷിച്ച് ഒരു അധികാരവും ആവശ്യമില്ല. സ്വന്തം പറമ്പിലാണ് ശവം അടക്കുന്നതെങ്കിൽ ആരും തടയുകയുമില്ല. ക്രിസ്ത്യാനിയുടെ ശവം സ്വന്തം പറമ്പിൽ അടക്കുന്നതിന് നിയമതടസ്സമുണ്ടെന്ന ധാരണ ശരിയല്ല. ഹിന്ദുക്കൾ ചെയ്യുന്നതുപോലെ സ്വന്തം പറമ്പിൽ ക്രിസ്ത്യാനിക്കും ശവം കുഴിച്ചിടുകയോ ദഹിപ്പിക്കുകയോ ചെയ്യാം. ദൈവവചനത്തിലും ഇതിനെതിരായി കല്പനയൊന്നുമില്ല.

സെമിത്തേരി പ്രശ്നം എന്നത് ദൈവസഭയുടെ അടിസ്ഥാന ഉപദേശവുമായി ബന്ധപ്പെട്ട ഏതോ പ്രശ്നമാണെന്ന രീതിയിലാണ് പലരും സംസാരിക്കുന്നത്. എന്നാൽ ഇത് അർത്ഥശൂന്യമായ നിലപാടാണ്. സമുദായങ്ങളെ എന്തിനും ഏതിനും അനുകരിക്കുന്ന പെന്തക്കോസ്തുകാർ സമുദായത്തിൽ നിന്നും കടമെടുത്ത ഒരു ആചാരമാണിത്. സെമിത്തേരി ഉണ്ടാക്കുന്നത് തെറ്റല്ലെങ്കിലും അതിനായി വഴക്കും കേസ്സും ഉണ്ടാക്കുന്നത് നല്ലതല്ല. സ്വന്തം പറമ്പിൽ ശവം സംസ്ക്കരിക്കാൻ വിശ്വാസികളെ പഠിപ്പിക്കണം. സ്വന്തമായി പറമ്പില്ലാത്തവർക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി വകയായുള്ള പൊതുശ്മശാനത്തിൽ ശവം സംസ്ക്കരിക്കാം. ഇതിനൊന്നും ദൈവവചനം എതിരല്ല.

സെമിത്തേരിയിലാണ് ശവം സംസ്ക്കരിക്കുന്നതെങ്കിൽ സെമിത്തേരിയുടെ ഉടമസ്ഥന്റെ അനുവാദം വേണം. പെന്തക്കോസ്ത് സഭകൾ സെന്റർ പാസ്റ്റർമാരേയോ മറ്റ് ഓർഡെയ്ൻഡ് പാസ്റ്റർമാരേയോ ആണ് ഇതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടാണ് ശവസംസ്ക്കാരം നടത്താൻ ഇവരെ വിളിക്കേണ്ടതായി വരുന്നത്. സ്വന്തം പറമ്പിലോ പൊതു ശ്മശാനത്തിലോ ആണ് ശവം സംസ്ക്കരിക്കുന്നതെങ്കിൽ പാസ്റ്റർമാരുടെ ആവശ്യംതന്നെ ഇല്ല. ശവസംസ്ക്കാര ശുശ്രൂഷ എന്നൊരു ശുശ്രൂഷയേപ്പറ്റി തിരുവചനത്തിൽ കാണുന്നില്ല. അതുകൊണ്ട് ശവസംസ്ക്കാരവുമായി ബന്ധപ്പെട്ട് ഒരു ശുശ്രൂഷയും ആവശ്യമില്ല.

വിവാഹം, ശവസംസ്ക്കാരം എന്നിവയുമായി ബന്ധപ്പെട്ട നിയമ വശങ്ങളാണ് ഇതുവരെ പറഞ്ഞത്. പക്ഷേ ഏട്ടിലെ പശു പുല്ല് തിന്നുകയില്ല. അതുകൊണ്ട് നിയമം എന്തുതന്നെ പറഞ്ഞാലും പെന്തക്കോസ്തുകാർ വിവരക്കേട് കാണിച്ചുകൊണ്ടിരിക്കും. അവരെ തിരുത്താൻ അത്ര എളുപ്പമല്ല.

പട്ടത്വ സഭകളിലെ മെത്രാൻമാർക്ക് തുല്യരാണ് പെന്തക്കോസ്ത് സഭകളിലെ സെന്റർ പാസ്റ്റർമാർ എന്ന അത്ഭുത ജീവികൾ. ഒന്നാം നൂറ്റാണ്ടിലെ ദൈവസഭയിൽ ഈ വിചിത്ര ജീവികൾ ഇല്ലായിരുന്നു. കർത്താവോ അപ്പോസ്തലൻമാരോ ഇവരെ അറിഞ്ഞിട്ടില്ല. മാസയോഗത്തേക്കുറിച്ച് സഭകളെ കത്തെഴുതി അറിയിക്കാനുള്ള ചുമതല ഏറ്റവർക്ക് പരിണാമം സംഭവിച്ചാണ് സെന്റർ പാസ്റ്റർ ആയതെന്നാണ് ഐതിഹ്യം. സത്യം എന്തായാലും സെന്റർ പാസ്റ്റർ ഇന്ന് പെന്തക്കോസ്തിലെ വെഷപ്പാണ്.

റോജർ ഹോസ്മ വർഗീസിനെ സൗഖ്യമാക്കിയില്ല

പെന്തക്കോസ്ത് ശതാബ്ദിയെന്ന ഭോഷ്ക്കുമായി ബന്ധപ്പെട്ട് നിരവധി അത്ഭുതങ്ങൾ നടന്നു എന്ന് പ്രചരണമുണ്ടായിരുന്നു. പക്ഷേ അത്ഭുതം എന്നു വിളിക്കാവുന്ന ഒരു സംഭവം പോലും ഉണ്ടായില്ല എന്ന് ഡിഫെൻഡർ പലവട്ടം പറഞ്ഞിട്ടും വിശ്വസിക്കാൻ ഏറെപ്പേരുണ്ടായില്ല. അതുകൊണ്ട് അത്ഭുത രോഗശാന്തിയെന്ന് കൊട്ടിഘോഷിക്കപ്പെട്ട സംഭവങ്ങളേക്കുറിച്ച് ഡിഫെൻഡർ വിശദമായി അന്വേഷണം നടത്തിക്കൊണ്ടിരിക്കയാണ്. ഈ അന്വേഷണത്തിന്റെ ഭാഗമായി കണ്ടെത്തിയ ഒരു വ്യാജരോഗശാന്തിയുടെ കഥ ഇതാ:

കോതമംഗലം സ്വദേശിയായ വർഗീസ് എന്ന സുവിശേഷകൻ കുറച്ചുകാലമായി വാതസംബന്ധമായ രോഗത്താൽ ശരിക്ക് നടക്കാൻ വയ്യാത്ത സ്ഥിതിയിലായിരുന്നു. ഈ വ്യക്തിക്ക് റോജർ ഹോസ്മയുടെ പ്രാർത്ഥനയാൽ അത്ഭുത രോഗശാന്തി ലഭിച്ചു എന്നാണ് പ്രചരണം ഉണ്ടായത്. ദൈവം അത്ഭുതം പ്രവർത്തിക്കുന്നവനാണ്. അതുകൊണ്ട് ഇത്തരം ഒരു അത്ഭുതം സംഭവിക്കില്ല എന്നൊന്നും ഡിഫെൻഡർ പറയുന്നില്ല. പക്ഷേ ശതാബ്ദിക്കാർ പറയുന്നതുപോലെ അത്ഭുതം നടന്നോ എന്ന് പരിശോധിക്കാൻ ഡിഫെൻഡർ തീരുമാനിച്ചു.

സൗഖ്യം ലഭിച്ചതായി പറയപ്പെടുന്ന വർഗീസിന്റെ മകനായ സാബു പാസ്റ്റർ (സീയോൻവോയീസ്) ഒരു ദിവസം ഡിഫെൻഡറിന്റെ ഓഫീസിൽ എത്തി. പിതാവിന് ലഭിച്ചതായി പറയപ്പെടുന്ന സൗഖ്യത്തേക്കുറിച്ച് അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്: ''തിരുവല്ലയിൽ ശതാബ്ദി സമ്മേളനം നടന്ന സമയത്ത് ഞാൻ ഗൾഫിലായിരുന്നു. പിതാവിന് സൗഖ്യം ലഭിച്ചതായി ഞാനും കേട്ടു. മടങ്ങിവന്ന് പിതാവിനെ പോയി കണ്ടു. ഞാൻ ഗൾഫിനു പോയപ്പോൾ പിതാവ് എങ്ങനെയിരുന്നോ അതുപോലെതന്നെ അപ്പോഴും ഇപ്പോഴും ഇരിക്കുന്നു. ഒരു മാറ്റവുമില്ല''.

ഇതാണ് ശതാബ്ദിക്കാർ കൊട്ടിഘോഷിച്ച ഒരു അത്ഭുത രോഗശാന്തി. ഇത്തരത്തിലുള്ള മറ്റു ചിലതുകൂടിയുണ്ട്. അത് പിന്നാലെ പറയാം.

തീക്കട്ടയിൽ ഉറുമ്പരിച്ചാൽ

തീക്കട്ടയിൽ ഉറുമ്പരിക്കുക, കടുവായെ കിടുവ പിടിക്കുക എന്നൊക്കെ പറയുന്നതുപോലെയുള്ള രണ്ടു സംഭവം പറയാം. ഈ കഥയിലെ തീക്കട്ടയും കടുവയും ടി.എസ്.ബാലനെന്ന ഈയുള്ളവനാണ്. (ഇവനെന്നാണ് തീക്കട്ടയും കടുവയുമൊക്കെ ആയത് എന്ന് ചോദിക്കരുത്. കാരണം, കഥയിൽ ചോദ്യമില്ല).

ഏതാനും ആഴ്ച മുൻപ് ഒരാൾ എന്നെ കാണാൻ വന്നു. കേരളത്തിന്റെ വടക്കേ അറ്റത്തുനിന്നാണ് വരുന്നത്. മുഖവുരയായി എന്നെ കുറെ പുകഴ്ത്തി. അതോടെ എനിക്ക് സംശയമായി. എവിടെയോ എന്തോ കുഴപ്പമുണ്ട്. തുടർന്ന് ഞാൻ വളരെ സൂക്ഷിച്ചാണ് സംസാരിച്ചത്. ഈ ചങ്ങാതി തന്റെ കഥ പറഞ്ഞു. വടക്കൻ ജില്ലയിൽ കുറെ സുവിശേഷപ്രവർത്തനമൊക്കെ നടത്തിനോക്കി. ഒന്നും വിജയിച്ചില്ല. ഇപ്പോൾ ബൈബിൾ വില്പനയും മറ്റുമായി നടക്കുന്നു. ഭാരത് ബൈബിൾ സൊസൈറ്റിയിൽ നിന്നും കുറെ ബൈബിൾ വാങ്ങാനാണ് എത്തിയത്. പക്ഷേ കമ്മീഷൻ കുറവായതുകൊണ്ട് വാങ്ങിയില്ല. അതുകഴിഞ്ഞ് എന്നെ കാണാനായി പെരുമ്പാവൂരിൽ എത്തിയതാണ്. ഇങ്ങനെ പലതും പറഞ്ഞു. ഒടുവിൽ യാത്ര പറയാനുള്ള സമയമെത്തി. ''ഒരു സഹായം ചെയ്യണം'' എന്നായി അദ്ദേഹം. എന്തു സഹായം? വണ്ടിക്കൂലിക്ക് കാശില്ല. അതുകൊണ്ട് 300 രൂപ വേണം.

ബൈബിൾ വാങ്ങാൻ കൊണ്ടുവന്ന പണം എവിടെ? പണം ഇല്ലായിരുന്നു. പകരം ഒരു ചെക്കുമായാണ് എത്തിയത്. (കമ്മീഷൻ കുറവായതുകൊണ്ടല്ല ബൈബിൾ വാങ്ങാതിരുന്നത് എന്ന് വ്യക്തമായി. ഊരും പേരുമില്ലാത്ത ആളുടെ ചെക്കു വാങ്ങി ബൈബിൾ കൊടുത്ത് വിഡ്ഢിയാകാൻ ഭാരത് ബൈബിൾ സൊസൈറ്റി തയ്യാറായി കാണില്ല).

ബൈബിൾ കിട്ടിയിരുന്നെങ്കിൽ എങ്ങനെ തിരിച്ചുപോകുമായിരുന്നു? ആ ചോദ്യത്തിന് അയാൾ മറുപടി പറഞ്ഞില്ല. ഉള്ള പണവുംകൊണ്ട് സ്വദേശത്തേക്ക് തിരിച്ചുപോകാതെ എന്തിന് എന്നെ കാണാൻ വന്നു? അതിനും മറുപടിയില്ല. ഒടുവിൽ ഞാൻ പറഞ്ഞു: ''നിത്യവൃത്തിക്കുപോലും ബുദ്ധിമുട്ടുന്ന ആളാണ് ഞാൻ. മുന്നൂറു രൂപ എനിക്ക് വലിയ ഒരു തുകയാണ്. നിങ്ങൾ രക്ഷിക്കപ്പെട്ടവനാണോ എന്നുപോലും എനിക്ക് അറിഞ്ഞുകൂടാ. അങ്ങനെയുള്ള ഒരാൾക്ക് പണം തന്ന് വിഡ്ഢിയാകാൻ ഞാൻ തയ്യാറല്ല''. അങ്ങനെ ഞാൻ അയാളെ യാത്രയാക്കി.

ഇനി രണ്ടാമത്തെ കഥ. സംഭവം നടന്നത് രണ്ടാഴ്ച മുൻപാണ്. അത്താഴം വെയ്ക്കാൻ അരി വാങ്ങാനുള്ള പണം എങ്ങനെയുണ്ടാക്കും എന്ന ചിന്തയിൽ മുഴുകി ഞാൻ ഇരിക്കുകയാണ്. അപ്പോൾ തൃശൂരിൽ നിന്നും ഒരാൾ എന്നെ ഫോണിൽ വിളിച്ചു. ഈ കക്ഷി ബൈബിൾ സ്ക്കൂളിൽ പഠിക്കയാണ്. അതിനിടയിൽ ഒരു ഗോസ്പൽ ടീം രൂപീകരിച്ചു. ഇനി ടീമിന് ഒരു ജീപ്പ് വാങ്ങണം. അതിന് പണം വേണം. സാമാന്യം നല്ല ഒരു തുക ഞാൻ സംഭാവന ചെയ്യണം. അത്രതന്നെ. പഠനം പൂർത്തിയായിട്ടില്ല. അതിനു മുൻപുതന്നെ സുവിശേഷവേല ചെയ്യാൻ അടക്കാനാവാത്ത ആഗ്രഹം. ജീപ്പില്ലാതെ എന്തു സുവിശേഷം? നടക്കുന്നതും സൈക്കിളിൽ പോകുന്നതും ഒക്കെ സ്റ്റാറ്റസിനു ചേർന്നതല്ലല്ലോ. അതുകൊണ്ട് ജീപ്പ് കൂടിയേ കഴിയൂ. ഈ മാന്യ ദേഹത്തോട് ഞാൻ എന്തു മറുപടി പറഞ്ഞു എന്ന് പറയുന്നില്ല. അത് നിങ്ങൾ ഊഹിച്ചുകൊള്ളുക.

പി.ജി.വർഗീസിന്റെ പുതപ്പ് ജോയി എം. തോമസിന് വേണോ?

പി.ജി.വർഗീസിന്റെ പുതപ്പ് ഇപ്പോൾ ജോയി എം. തോമസിന്റെ മേൽ വീണു കിടക്കുന്നതായി ഹാലേലൂയ്യായിൽ വായിച്ചു. ഇന്ത്യൻ ഇവാൻജലിക്കൽ ടീമിന്റെ നേതൃത്വം പി.ജി.വർഗീസിൽ നിന്നും ജോയി എം. തോമസ് ഏറ്റെടുത്തതിനേക്കുറിച്ചാണ് എഴുതിയിരിക്കുന്നത്. പി.ജി.വർഗീസിനോടും ജോയി ബ്രദറിനോടും ഉള്ള ആദരവ് നിലനിർത്തിക്കൊണ്ട് പറയട്ടെ: ദയവായി ഇത്തരം വിവരക്കേട് ഇനി പറയരുത്.

ഏലിയാവിന്റെ പുതപ്പ് എലീശയുടെമേൽ വീണു എന്നതും ഏലിയാവ് ചെയ്ത ശുശ്രൂഷയുടെ ബാക്കി എലീശ ചെയ്തു എന്നതും ശരിതന്നെ. പക്ഷേ ഇന്ത്യൻ ഇവാൻജലിക്കൽ ടീമോ ഇന്ന് ലോകത്ത് നിലവിലുള്ള മറ്റേതെങ്കിലും പ്രസ്ഥാനമോ ദൈവീക പദ്ധതിയിലുള്ളതല്ല. ഇതിന്റെയൊക്കെ നേതൃത്വത്തിൽ ദൈവം ആരേയും വെയ്ക്കുന്നുമില്ല. സംഘടനയുടെ നേതൃസ്ഥാനം വഹിക്കുന്നത് ആത്മീയ ശുശ്രൂഷയുമല്ല. ഐ.ഇ.ടിയുടെ നേതൃസ്ഥാനത്തെത്താനും ആ സംഘടനയെ ഭരിക്കാനും വിശേഷിച്ച് അഭിഷേകമോ പുതപ്പോ ആവശ്യവുമില്ല. പി.ജി.വർഗീസിന്റെ പുതപ്പ് ജോയി ബ്രദറിന്റെ മേൽ വീണെങ്കിൽ അതെടുത്ത് അലക്കി സൂക്ഷിച്ചു വെയ്ക്കുക. തണുപ്പുകാലത്ത് ഉപകരിക്കും.

പുതുപ്പള്ളിയച്ചൻ എങ്ങനെ പെന്തക്കോസ്തിലെത്തി?

(ജോർജ് മാത്യു പുതുപ്പള്ളിയേക്കുറിച്ച് ഡിഫെൻഡറിൽ വന്ന കുറിപ്പ് വായിച്ച ഒരു സീനിയർ ഓർത്തഡോക്സ് പുരോഹിതൻ അയച്ചുതന്ന കത്ത് താഴെ കൊടുക്കുന്നു. തന്റെ പേര് വെളിപ്പെടുത്തുന്നതിൽ വിരോധമില്ല എന്ന് ഈ പുരോഹിതൻ അറിയിച്ചിരുന്നെങ്കിലും അത് തൽക്കാലം വെളിപ്പെടുത്തുന്നില്ല).

ജോർജ് മാത്യു പുതുപ്പള്ളി നേരായ വഴിയിലൂടെയല്ല സെമിനാരിയിൽ ചേർന്നത്. സെമിനാരിയിൽ ചേരുന്നതിനുവേണ്ടി കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ പാറേട്ട് മാർ ഇവാനിയോസിന്റെ അടുക്കൽ ചെന്ന് ആഗ്രഹം പറഞ്ഞു. നീ ഏതാണ് എന്ന് മെത്രാൻ ചോദിച്ചു. ഞാൻ പുതുപ്പള്ളിക്കാരനാണ് എന്ന് മറുപടി പറഞ്ഞു. നീ ഏതാണെന്നാണ് ചോദിച്ചത് എന്ന് വീണ്ടും മെത്രാൻ പറഞ്ഞു. ചോദ്യത്തിന് ഉത്തരം പറയാതെ പുതുപ്പള്ളി നിലയ്ക്കൽ എന്നു മാത്രം മറുപടി പറഞ്ഞു. സ്വന്തം പേരോ വീട്ടുപേരോ മറ്റ് വിശദാംശങ്ങളോ പറഞ്ഞില്ല. എങ്കിലും പെട്ടുകുഴി ജോർജിന്റെ മകനാണെന്ന് മെത്രാച്ചൻ മനസ്സിലാക്കി. ''തനിക്കു ഞാൻ പട്ടം തരുകയില്ല. താൻ അതിനു യോഗ്യനല്ല'' എന്നു മറുപടി പറഞ്ഞ് മെത്രാൻ ജോർജ് മാത്യുവിനെ മടക്കിയയച്ചു.

ഏറെ താമസിയാതെ ജോർജ് മാത്യു പുതുപ്പള്ളി ഗവ. ഹൈസ്ക്കൂൾ ഹെഡ് മാസ്റ്ററായിരുന്ന ഐപ്പ് സാറിനെ സമീപിച്ച് ഒരു റെക്കമെന്റേഷൻ ലെറ്റർ വാങ്ങി. ഈ കത്തുമായി സെമിനാരിയിൽ എത്തി പ്രിൻസിപ്പാളായ ഡോ.പൗലോസ് മാർ ഗ്രിഗോറിയോസിനെ കണ്ട് അഡ്മിഷൻ നേടി. ഉടുതുണി മുതൽ എല്ലാം മെത്രാച്ചൻ കൊടുത്താണ് പഠിപ്പിച്ചത്. ജോർജ് മാത്യുവിന്റെ സ്വഭാവം നന്നായി അറിയാവുന്ന ഏവരും വിവാഹം കഴിക്കാതെ അച്ചൻപട്ടം ഏൽക്കരുത് എന്ന് ഉപദേശിച്ചിരുന്നു. പക്ഷേ ഈ ഉപദേശം ജോർജ് മാത്യു തൃണവൽഗണിച്ചു. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാച്ചന് പറ്റിയ ഏറ്റവും വലിയ അബദ്ധമാണ് ഇദ്ദേഹത്തിന് പട്ടം നൽകിയതും അവിവാഹിത പട്ടക്കാരനായി തിരുവസ്ത്രം അണിയിച്ചതും.

അസിസ്റ്റന്റ് വികാരിയായി ഡൽഹിയിൽ ആയിരുന്ന കാലത്ത് ജോർജ് മാത്യു കാട്ടിക്കൂട്ടിയ വൈകൃതങ്ങൾ എഴുതാൻ ഒരു പുരോഹിതനായ എനിക്ക് പറ്റില്ല. ഇക്കാലത്ത് ജോർജ് മാത്യു നിരവധി സ്ത്രീകളുമായി അവിഹിതബന്ധം സ്ഥാപിച്ചു. വികാരി റ്റി.സി.മത്തായിയച്ചൻ ഇദ്ദേഹത്തെ വഹിക്കാൻ പറ്റാതായി. ഒടുവിൽ ഒരു സ്ത്രീയെ വിവാഹം കഴിക്കാതെ പറ്റാത്ത സ്ഥിതിയായി. അവിവാഹിത പട്ടക്കാരന് വിവാഹം കഴിക്കാൻ ഓർത്തഡോക്സ് സഭയിൽ അനുവാദമില്ല. ശെമ്മശ്ശൻ ആയിരിക്കുന്ന കാലത്ത് വിവാഹം കഴിക്കാം. ദൈവശാസ്ത്രപരമായി ഈ നിലപാട് ശരിയല്ലെങ്കിലും ഓർത്തഡോക്സ് സഭയുടെ ചട്ടം ഇതാണ്. പട്ടക്കാരൻ വിവാഹം കഴിച്ചാൽ കുറഞ്ഞത് 20 വർഷം പൗരോഹിത്യ പദവിയിൽ നിന്ന് മാറ്റി നിർത്തും.

പുരോഹിതനായശേഷം വിവാഹം കഴിച്ചതുകൊണ്ട് ജോർജ് മാത്യുവിനെ ഓർത്തഡോക്സ് സഭ പൗരോഹിത്യത്തിൽ നിന്ന് മാറ്റി നിർത്തി. പൂർവ്വികസ്വത്ത് ഒന്നും ഇല്ലാതിരുന്നതിനാൽ നിത്യവൃത്തിക്കുപോലും വഴികാണാതെ അലഞ്ഞു. ഒടുവിൽ മാർ അപ്രേമിന്റെ നെസ്റ്റോറിയൻ സഭയിൽ ചേർന്നു. അവിടേയും ചില പ്രശ്നങ്ങൾ ഉണ്ടാക്കിയതിനാൽ അവിടെനിന്നും പറഞ്ഞുവിട്ടു. ജീവിക്കാൻ മറ്റൊരു പോംവഴിയും കാണാതായപ്പോൾ പെന്തക്കോസ്ത് സഭയിൽ ചേർന്നു.

ജോർജ് മാത്യുവിന്റെ വികൃതികളേക്കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹമുള്ളവർ ഡൽഹി, ലുധിയാന, ഹൈദ്രാബാദ്, ചങ്ങനാശ്ശേരി, കൊല്ലാട് എന്നീ സ്ഥലങ്ങളിലുള്ള ഓർത്തഡോക്സ് പള്ളികളിൽ അന്വേഷിച്ചാൽ മതിയാകും.

(ഡിഫെൻഡറിൽ വന്ന വാർത്ത വായിച്ച പല ദൈവമക്കളും ജോർജ് മാത്യുവിനേക്കുറിച്ച് അത്യന്തം ഗൗരവമുള്ള ചില വിവരങ്ങൾ ഡിഫെൻഡർ ഓഫീസിൽ അറിയിച്ചിട്ടുണ്ട്. പെന്തക്കോസ്തിൽ എത്തിയശേഷം ഇദ്ദേഹം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും ഗൾഫിലും നടത്തിയ വിക്രിയകളെ സംബന്ധിക്കുന്നതാണ് ഈ വിവരങ്ങൾ. ആവശ്യമായ അന്വേഷണം നടത്തിയശേഷം ഇവ ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കും).

ബെന്നിഹിന്റെ തിരുശേഷിപ്പുകൾ

കത്തോലിക്കാസഭയിൽ മരണ ശേഷമാണ് ഒരാളെ വിശുദ്ധനായി പ്രഖ്യാപിക്കുന്നത്. എന്നാൽ പെന്തക്കോസ്തിലും മറ്റ് ഇളക്കപ്പെരുപ്പ സംഘങ്ങളിലും ജീവിക്കുന്ന നിരവധി പുണ്യാളൻമാരുണ്ട്. ബെന്നിഹിൻ അത്തരത്തിലുള്ള ഒരാളാണ്. പുണ്യാളനാകുമ്പോൾ തിരുശേഷിപ്പ് വേണമല്ലോ. ബെന്നിഹിൻ പുണ്യാളന് ഒട്ടേറെ തിരുശേഷിപ്പുകളുണ്ട്. കക്ഷി ജീവനോടെ ഉള്ളതുകൊണ്ട് പുതിയ തിരുശേഷിപ്പുകൾ ഉണ്ടാക്കാനും ബുദ്ധിമുട്ടില്ല.

കത്തോലിക്കാസഭയിൽ തിരുശേഷിപ്പ് വ്യാപാരം ഏറെ ആദായമുള്ള പരിപാടിയാണ്. ബന്നിഹിന്നും തിരുശേഷിപ്പ് വില്പന തകൃതിയായി നടത്തിവരുന്നു. സംശയമുള്ളവർ ഹാലേലൂയ്യായുടെ സെപ്റ്റംബർ ഒന്ന് ലക്കം രണ്ടാം പേജ് നോക്കുക. ബെന്നിഹിൻ ഒപ്പിട്ട ബൈബിൾ എന്ന തലക്കെട്ടോടെ തോമസ് മുല്ലക്കൽ എഴുതിയ ഒരു ലേഖനം അവിടെയുണ്ട്. ലേഖകന് ഈയിടെ ഉണ്ടായ ഒരു അനുഭവം അദ്ദേഹം വിവരിക്കുന്നു:

ഒരു സഹവിശ്വാസിയുടെ കൈയ്യിൽ പുതിയ ഒരു ബൈബിൾ കണ്ടപ്പോൾ ലേഖകന് അതൊന്നു തുറന്നു കാണാൻ ആഗ്രഹമുണ്ടായി. പക്ഷേ വിശ്വാസി അത് കൊടുക്കാൻ മടിച്ചു. വീണ്ടും നിർബ്ബന്ധിച്ചപ്പോൾ അത് ഒരു അസ്സാധാരണ ബൈബിളാണെന്ന് വ്യക്തമാക്കി. ആ ബൈബിൾ ബെന്നിഹിൻ ഒപ്പിട്ടതാണത്രേ. നൂറു ഡോളർ അയച്ചുകൊടുത്ത് വാങ്ങി. പത്തു ഡോളറിലധികം വിലവരാത്ത ബൈബിളിൽ ബെന്നിഹിൻ ഒരു ഒപ്പിട്ടപ്പോൾ നൂറു ഡോളർ വിലയുള്ളതായി. മറ്റാരുടേയും കൈയ്യിൽ കൊടുക്കാൻ പോലും പറ്റാത്തത്ര വിശുദ്ധിയുള്ള സാധനമായി അത് വിശ്വാസി കൊണ്ടുനടക്കുന്നു. ''ഹാ ബുദ്ധിയില്ലാത്ത ഗലാത്യരേ'' എന്ന് പൗലോസ് വിളിച്ചതുപോലെ ''ഹാ ബുദ്ധിയില്ലാത്ത പെന്തക്കോസ്തുകാരേ'' എന്ന് വിളിക്കാതെ പറ്റില്ല. പെന്തക്കോസ്തുകാർ അത്ര വിഡ്ഢികളായിരിക്കുന്നു.

ബന്നിഹിൻ പ്രാർത്ഥിച്ച എണ്ണയും ഇങ്ങനെ വിറ്റ് കാശുണ്ടാക്കുന്നു. ഇതിനേക്കുറിച്ച് ഇന്റർനെറ്റിൽ കൊടുത്തിരിക്കുന്ന പരസ്യം ഇപ്രകാരമാണ്:
''Anointing Oil in a Rustic Clay Pot. Benny Hinn wants to send you this anointing oil along with this rustic earthen container as a reminder to pray... $25.00 USD".

കുറെ എണ്ണയെടുത്ത് ബെന്നിഹിൻ പ്രാർത്ഥിച്ചപ്പോൾ വില പലമടങ്ങായി വർദ്ധിച്ചു. ഒരു ചെറിയ പാത്രം എണ്ണയ്ക്ക് 25 ഡോളറാണ് (ആയിരത്തിലധികം രൂപ) ഇപ്പോഴുള്ള വില. ബെന്നിഹിന്നിൽ നിന്നും അത്ഭുതശക്തി എണ്ണയിലേക്ക് പകർന്നിരിക്കുമെന്നും ഈ എണ്ണ അത്ഭുതം പ്രവർത്തിക്കുമെന്നും വിശ്വസിക്കുന്ന വിഡ്ഢികളെ ഓർത്ത് ദു:ഖിക്കുകയല്ലാതെ എന്തു ചെയ്യാൻ.

ബെന്നിഹിൻ ഒന്നാംതരം തട്ടിപ്പുകാരനാണെന്ന വസ്തുത മിക്കവർക്കും അറിഞ്ഞുകൂടാ. അത്ഭുതം എന്ന് തീർത്തു പറയാവുന്ന ഒരു സംഭവം പോലും ബെന്നിഹിന്റെ പ്രാർത്ഥനകൊണ്ട് നടന്നിട്ടില്ല. എങ്കിലും അത്ഭുതങ്ങളുടെ പിന്നാലെ നെട്ടോട്ടമോടുന്ന ജനലക്ഷങ്ങളെ കബളിപ്പിക്കാൻ ബെന്നിഹിന്ന് കഴിയുന്നു.

വിശ്വസിക്കുന്നവർ അടയാളങ്ങളുടെ പിന്നാലെ പായുമെന്നല്ല വിശ്വസിക്കുന്നവരെ ഈ അടയാളങ്ങൾ പിൻതുടരും (And these signs shall follow them that believe Mark 16:17) എന്നാണ് ദൈവവചനം പറയുന്നത്. ദോഷവും വ്യഭിചാരവുമുള്ള തലമുറയാണ് അടയാളം തേടി പോകുന്നത്. ജീവനുള്ള ദൈവത്തെ വിശ്വസിക്കാൻ അടയാളം ആവശ്യമില്ല. അടയാളം കണ്ട് ഉണ്ടാകുന്ന വിശ്വാസം ഏറെ കഴിയുംമുൻപേ നഷ്ടമാകും. അതു കൊണ്ട് അത് രക്ഷയ്ക്ക് കാരണമാകുകയുമില്ല.

സൈമൺ പ്രവാചകനെ സൂക്ഷിക്കുക

എറണാകുളം കച്ചേരിപ്പടി ചർച്ച് ഓഫ് ഗോഡ് സഭാശുശ്രൂഷകനായ സെമൺ ഒന്നാംതരം കള്ളപ്രവാചകനാണെന്ന് അറിയുന്നു. ഇയാൾക്ക് ഹൃദയത്തിൽ തോന്നുന്നതെല്ലാം ദൈവത്തിന്റെ അരുളപ്പാടായി വിളിച്ചുപറഞ്ഞ് ജനവഞ്ചന നടത്തുകയാണ് ചെയ്യുന്നത്. മാത്രമല്ല, സുരേഷ് ബാബുവിനേപ്പോലുള്ള കള്ളൻമാർ എറണാകുളത്ത് എത്തുമ്പോൾ എല്ലാവിധ ഒത്താശകളും ചെയ്തു കൊടുക്കുന്നതിൽ ഇയാൾ മുൻപന്തിയിലാണെന്നും അറിയാൻ കഴിഞ്ഞു. നീ ആരെന്നറിയാൻ നിന്റെ സ്നേഹിതൻ ആരെന്നറിഞ്ഞാൽ മതി എന്ന സാമാന്യ നിയമം വെച്ച് വിലയിരുത്തിയാൽ സൈമൺ പാസ്റ്ററുടെ കൈയ്യിലിരുപ്പ് അത്ര ശരിയാകാനും സാദ്ധ്യതയില്ല. ആകയാൽ ദൈവജനം സൂക്ഷിക്കുക. ഇയാളുടെ കള്ളപ്രവചനത്തിന് ഇരയാകരുത്.

കെ.സി.ജോണിന്റെ ദുർന്നടപ്പ്: സഭയിൽ അപസ്വരമുയരുന്നു

കെ.സി.ജോണിന്റെ ദുർന്നടപ്പിനെതിരെ നെടുമ്പ്രം ഐ.പി.സിയിൽ നിന്ന് എതിർപ്പുയരുന്നു. ലോക്കൽ സഭയുടെ പാസ്റ്റർ, തിരുവല്ല സെന്റർ പാസ്റ്റർ, ഐ.പി.സിയുടെ ജനറൽ പ്രസിഡന്റ്, പവ്വർ വിഷൻ ചെയർമാൻ തുടങ്ങിയ നിലകളിൽ പ്രവർത്തിക്കുന്ന കെ.സി.ജോൺ തനിക്കെതിരെ ഉയർന്നിരിക്കുന്ന ലൈംഗീകാപവാദങ്ങൾക്ക് മറുപടി പറയാനാകാതെ കുഴയുന്നതാണ് പ്രശ്നത്തിന് കാരണമായിരിക്കുന്നത്. കെ.സി.ജോൺ നിരപരാധിയാണെങ്കിൽ എന്തുകൊണ്ട് ആരോപണങ്ങൾക്ക് മറുപടി പറയാൻ ധൈര്യം കാണിക്കാത്തത് എന്നാണ് മിക്കവരും ചോദിക്കുന്നു.

ഉന്നത നിലകളിൽ ഇരിക്കുന്ന വ്യക്തികൾക്കെതിരെ ലൈംഗീകാരോപണം ഉണ്ടായാൽ മൗനം സമ്മതമായി കണക്കാക്കപ്പെടും. നീലൻ, കുഞ്ഞാലിക്കുട്ടി, പി.ജെ.ജോസഫ് തുടങ്ങിയവർക്കെതിരെ ലൈംഗീകാരോപണം ഉണ്ടായപ്പോൾ അവരാരും മൗനമായിരിക്കയല്ല ചെയ്തത്. തങ്ങളുടെ നിരപരാധിത്വം തെളിയിക്കാൻ ആവശ്യമായ നടപടികൾ അവർ സ്വീകരിച്ചു. എങ്കിലും തെളിവുകൾ അവർക്ക് എതിരായിരുന്നതുകൊണ്ട് ഏറെ ബുദ്ധിമുട്ടുകയും ചെയ്തു.

സെക്യുലർ രംഗത്തുള്ളവർ പോലും ലൈഗീകാരോപണങ്ങളെ ഗൗരവമായി കാണുമ്പോൾ സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ചവനാണ് കെ.സി.ജോൺ എന്ന് ഡിഫെൻഡർ പലവട്ടം എഴുതിയിട്ടും പ്രതികരിക്കാതിരിക്കുന്നത് കെ.സി.ജോൺ തെറ്റുകാരൻ ആയതുകൊണ്ടു തന്നെയാണ് എന്ന് വ്യക്തം. ഈ വസ്തുത മനസ്സിലാക്കിയ നെടുമ്പ്രം സഭയിലെ വിശ്വാസികളാണ് കെ.സി.ജോണിനെതിരെ എതിർപ്പുമായി രംഗത്ത് എത്തിയിരിക്കുന്നത്. ഇവരിൽ ചിലർ ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുകയുമുണ്ടായി.

കെ.സി.ജോണിന്റെ ഭാര്യയും സഭയിലെ അസിസ്റ്റന്റ് പാസ്റ്ററും തമ്മിലുള്ള അവിഹിതബന്ധവും ഏറെ ചർച്ചാവിഷയമായിട്ടുണ്ട്. കെ.സി.ജോൺ ഉലക പര്യടനം നടത്തുന്ന സമയത്ത് അസിസ്റ്റന്റ് പാസ്റ്ററുമൊത്ത് കെ.സി.ജോണിന്റെ ഭാര്യ നാടു ചുറ്റുന്നതും അന്തിയുറങ്ങുന്നതും മറ്റും സഭയിലുള്ള വിശ്വാസികൾക്ക് അറിയാമായിരുന്നു. എങ്കിലും അത് ഏവരും അരമന രഹസ്യമായി സൂക്ഷിച്ചുവരുമ്പോഴാണ് ഡിഫെൻഡർ സത്യം വിളിച്ചു പറഞ്ഞത്. അതോടെ സംഭവം നാട്ടിൽ പാട്ടായി. കെ. സി.ജോണിന്റെ സഭയിലെ വിശ്വാസിയാണെന്നു പറഞ്ഞ് നാട്ടിലൂടെ തല ഉയർത്തി നടക്കാനാവാത്ത സ്ഥിതിയുമായി. ഇത്രയുമൊക്കെ കോലാഹലം ഉണ്ടായിട്ടും കെ.സി. ജോണിന് അനക്കമില്ല. ഡിഫെൻഡർ പറയുന്നതിൽ കാര്യമുണ്ടെന്ന് വ്യക്തം. അതു കൊണ്ടാണ് കെ.സി. ജോണിനെതിരെ വിശ്വാസികൾ പ്രതികരിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഡിഫെൻഡർ ഈ വിഷയത്തേക്കുറിച്ച് നിരന്തരം എഴുതുന്നതുകൊണ്ട് പ്രശ്നം കെട്ടടങ്ങുമെന്ന് പ്രതീക്ഷിക്കാനുമാവില്ല.

ചവറിന്റെ പിന്നിൽ ആരൊക്കെ?

ചവറിന്റെ ഔദ്യോഗിക ഭാരവാഹികൾ ആരൊക്കെ? അത് ചവറിന്റെ വെബ്സൈറ്റിലുണ്ട്. ചാനലിൽ നടക്കുന്ന സകല തോന്ന്യാസങ്ങൾക്കും ഇവരാണ് ഉത്തരവാദികൾ.

Rev. K.C.John	**Chairman & CEO**
Rev. (ചുമ്മാ) **Dr. Babu George**	**Vice President**
Dr.Mathews Chacko	**Managing Director**
N M James	**CFO**
Joy Thanuvelil	**PRO**
Bijo Lukose	**CO**
Thomas John,	
K E Samuel,	
Thomas Joseph,	
Lenin Nellimoottil	**Directors**
Mathews Lukose	**Marketing Manager**

രുദ്രാക്ഷാനന്ദൻ ഇടത്തോട്ടുതന്നെ

ചവറിന്റെ ഭാരവാഹികളിൽ ഒരാൾ കഴിഞ്ഞമാസം ഗംഗയിൽ മുങ്ങി കാവിയുടുത്ത് രുദ്രാക്ഷമിട്ട സംഭവം കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. ഈ മഹാൻ ഇപ്പോൾ ഭാര്യയേയും കുട്ടികളേയും പറഞ്ഞു വിട്ടിട്ട് ഉലക പര്യടനത്തിന് ഒരുങ്ങുന്നതായി വിവരം കിട്ടിയിരിക്കുന്നു. ഇംഗ്ലണ്ടും ഗൾഫ് രാജ്യങ്ങളും സന്ദർശിക്കാനാണ് പദ്ധതി.

സുവിശേഷത്തിന്റെ മറവിൽ ജനവഞ്ചന നടത്തി കോടികൾ വെട്ടിച്ച ഈ മഹാൻ പതിനഞ്ചു ലക്ഷത്തോളം രൂപ സ്ത്രീധനം വാങ്ങിയാണ് ഏതാനും വർഷം മുൻപ് വിവാഹം നടത്തിയത്. കൂടുതൽ സ്ത്രീധനം ആവശ്യപ്പെട്ട് ഭാര്യയെ നിരന്തരം മർദ്ദിക്കയും ഭാര്യവീട്ടുകാരെ ഭീഷണിപ്പെടുത്തുകയും ചെയ്തുവന്നു. എന്നാൽ കാവിയുടുത്ത് എത്തിയശേഷം ഭാര്യയെ കൊല്ലാൻ വരെ ശ്രമിക്കുകയുണ്ടായി. ഇതോടുള്ള ബന്ധത്തിൽ ചില കേസ്സുകളും ഉണ്ടായിക്കഴിഞ്ഞു. സമനില തെറ്റിയവനേപ്പോലെയാണ് ഇയാൾ ഇപ്പോൾ പെരുമാറുന്നത്. ഭാര്യയേയും കുട്ടികളേയും കൊന്നിട്ട് ആത്മഹത്യ ചെയ്യുമെന്നുവരെ ഭീഷണി മുഴക്കുന്നുമുണ്ട്.

ചവറിൽ വനിതാവത്ക്കരണം

സ്ത്രീ എന്നും കെ.സി.ജോണിന്റെ ദൗർബ്ബല്യമാണ്. എവിടെ സ്ത്രീയുണ്ടോ അവിടെ കെ.സി.ജോൺ എത്തും. അല്ലെങ്കിൽ കെ.സി.ജോൺ ഉള്ളിടത്ത് സ്ത്രീ എത്തും. എത്തിയില്ലെങ്കിൽ എത്തിക്കും. ചവറിലും ഇതുതന്നെ നടക്കുന്നു.

ചവറിന്റെ ആദ്യ നാളുകളിൽ ജോലിക്കാരായി ഏറെ സ്ത്രീകൾ ഇല്ലായിരുന്നു. പക്ഷേ ഇപ്പോൾ അതല്ല സ്ഥിതി. പുരുഷൻമാരെ ഒന്നൊന്നായി പിരിച്ചു വിട്ടുകൊണ്ടിരിക്കുന്നു. പകരം സ്ത്രീകളെ നിയമിക്കയും ചെയ്യുന്നു. ഏറെ താമസിയാതെ ചവറിന്റെ ഓഫീസ് ഒരു പെണ്ണരശുനാട് ആയി മാറും.

എന്തിനാണ് കെ.സി.ജോൺ ഇങ്ങനെ ചെയ്യുന്നത്? അങ്കവും കാണാം താളിയും ഒടിക്കാം. പുരുഷൻമാർ ചിലപ്പോഴൊക്കെ പ്രതികരിക്കും. അഭിപ്രായം തുറന്നു പറയും. പ്രതിഷേധിക്കയോ എതിർക്കയോ ചെയ്തെന്നും വരാം. പക്ഷേ സ്ത്രീകളേക്കൊണ്ട് ഇത്തരം പ്രശ്നങ്ങൾ ഒന്നും ഉണ്ടാകാറില്ല. മിണ്ടാതിരുന്ന് ജോലി ചെയ്തുകൊള്ളും. പിന്നെ താളി ഒടിക്കുന്ന കാര്യം. അത് വിശേഷിച്ച് പറയേണ്ടതുമില്ല.

ചവർ ചാനലും പെന്തക്കോസ്ത് വിശ്വാസവും

സുവിശേഷ പ്രചരണമാണ് പവ്വർ വിഷന്റെ പ്രഖ്യാപിത ലക്ഷ്യം. പക്ഷേ ഈ ചാനൽ ഒരുവട്ടമെങ്കിലും കണ്ടിട്ടുള്ളവർക്ക് സുവിശേഷം എന്നതുകൊണ്ട് കെ.സി.ജോണും കൂട്ടരും എന്താണ് അർത്ഥമാക്കുന്നതെന്ന് ഒരു പിടിയും കിട്ടുകയില്ല എന്നു മാത്രം.

കെ.സി.ജോണും ചവറിന്റെ മറ്റു ഭാരവാഹികളും പെന്തക്കോസ്തുകാരാണ്. കത്തോലിക്കരും മറ്റു സമുദായക്കാരും സുവിശേഷമാണ് പ്രചരിപ്പിക്കുന്നതെങ്കിൽ ഈ സമുദായങ്ങളിൽ നിന്ന് ആളുകളെ പിടിച്ച് പെന്തക്കോസ്തിൽ ചേർക്കുന്നതെന്തിന്? സമുദായങ്ങൾ സുവിശേഷമല്ല പ്രചരിപ്പിക്കുന്നതെങ്കിൽ സമുദായമയമായ ചവർ തട്ടിപ്പാണ് നടത്തുന്നതെന്നു വ്യക്തം.

താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ നോക്കൂ. ചവർ ചാനലിൽ നാഴികയ്ക്കു നാല്പതുവട്ടം സംപ്രേക്ഷണം ചെയ്യുന്ന പരിപാടികളിൽ നിന്നുള്ള ദൃശ്യങ്ങളാണിവ. ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി.ജോൺ നേതൃത്വം കൊടുക്കുന്ന ചാനലിന് ഇങ്ങനെ ചെയ്യാൻ കഴിയുമോ?

ഒന്നാമത്തെ ചിത്രം ഏതോ ഒരു പള്ളിയുടേതാണ്. ഇതുപോലുള്ള പള്ളികളിൽ അംഗങ്ങളായിരുന്നവരേയാണ് കെ.സി.ജോണും കൂട്ടരും പെന്തക്കോസ്തിൽ ചേർത്തത്. ഈ പള്ളികൾ കെ.സി.ജോണിന് സ്വീകാര്യമാണെങ്കിൽ, ഇവ ആത്മീയതയുടെ പ്രതീകമാണെങ്കിൽ, ഇത്തരം പള്ളികളിലെ അംഗങ്ങളെ എന്തിന് കെ.സി.ജോണും ഐ.പി.സിയും അവിടെ നിന്ന് അടർത്തിമാറ്റി പെന്തക്കോസ്തിലാക്കി? ഈ പള്ളികൾ ദുരുപദേശമാണ് പഠിപ്പിക്കുന്നതെങ്കിൽ ഈ ദൃശ്യങ്ങൾ ആത്മീയഗാനത്തിന്റെ ഭാഗമായി പ്രദർശിപ്പിക്കുന്നതെന്തിന്?

സണ്ണി സ്റ്റീഫൻ എന്ന വ്യക്തിയാണ് രണ്ടാമത്തെ ചിത്രത്തിലുള്ളത്. അദ്ദേഹത്തിന്റെ ഭാര്യ എഴുതിയതും അദ്ദേഹം തന്നെ പാടിയതുമായ കുറെ പാട്ടുകൾ ചവറിൽ നിരന്തരം സംപ്രേക്ഷണം ചെയ്യുന്നു. പാട്ടിന്റെ മൂല്യത്തേക്കുറിച്ച് ഏറെ പറയുന്നില്ല. പറയാൻ തക്കതൊന്നും ആ പാട്ടുകളിലില്ല. പക്ഷേ ഗാനരംഗങ്ങൾ പരിശോധിച്ചാൽ ഈ വ്യക്തി സമുദായക്കാരനാണെന്ന് മനസ്സിലാക്കാം. രക്ഷിക്കപ്പെട്ട വ്യക്തി എന്ന നിലയിലാണോ ഇദ്ദേഹത്തെ കെ.സി.ജോൺ അവതരിപ്പിക്കുന്നത്? ആണെങ്കിൽ ഐ.പി.സിയുടെ വിശ്വാസപ്രമാണം ശുദ്ധ തട്ടിപ്പാണ്. ഐ.പി.സി തട്ടിപ്പു പ്രസ്ഥാനവുമാണെന്ന് പറയേണ്ടതായി വരും. രക്ഷിക്കപ്പെട്ട വ്യക്തി എന്ന നിലയ്ക്കല്ല ഇദ്ദേഹത്തെ അവതരിപ്പിക്കുന്നതെങ്കിൽ എന്തിനാണ് ഇദ്ദേഹത്തിന്റെ ആൽബം നിരന്തരം പ്രദർശിപ്പിക്കുന്നതെന്ന് വിശദീകരിക്കണം.

കുരിശ് തമ്മൂസ് ദേവന്റെ പ്രതീകമാണെന്ന് കെ.ഇ.ഏബ്രഹാം വ്യക്തമാക്കിയിട്ടുണ്ട്. ഐ.പി.സി ഇന്നും ഇങ്ങനെ പഠിപ്പിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ മൂന്നാമത്തെ ചിത്രത്തിന് എന്തു വിശദീകരണം കൊടുക്കും? മെഴുകുതിരി കത്തിച്ചുവെച്ച് പ്രാർത്ഥിക്കുക, കുരിശിനെ സമസ്ക്കരിക്കുക തുടങ്ങി സമുദായങ്ങളിൽ നിലനിൽക്കുന്ന മിക്ക ദുരാചാരങ്ങളും ചവറിൽ നിരന്തരം പ്രദർശിപ്പിക്കുന്നു. ഇത് അന്യദൈവാരാധനയല്ലെങ്കിൽ പിന്നെ എന്താണ്?

ഐ.പി.സി ഉൾപ്പെടെ പ്രധാന പെന്തക്കോസ്ത് സഭകളെല്ലാം കടുത്ത ആഭരണ വിരോധം വെച്ചുപുലർത്തുന്നു. അത് ദൈവശാസ്ത്രപരമായി ശരിയോ തെറ്റോ എന്നത് ചർച്ച ചെയ്യേണ്ട വിഷയമാണ്. ഏതായാലും ആഭരണമിടുന്നവരെ ഈ സഭകൾ പുറത്താക്കും എന്നത് ഒരു വസ്തുതയാണ്. അതുകൊണ്ട് ചോദിക്കട്ടെ, നാലാമത്തെ ചിത്രത്തിൽ കാണുന്ന പെങ്കൊച്ചിനെ ആത്മീയതയുടെ പ്രതീകമായി ചവർ നിരന്തരം അവതരിപ്പിക്കുന്നത് എങ്ങനെ നീതീകരിക്കാനാവും?

ഏട്ടിലപ്പടി, പയറ്റിലിപ്പടി എന്നു പറഞ്ഞതുപോലെയാണ് ചവറിന്റെ കാര്യം. പെന്തക്കോസ്ത് സഭകളിൽ ചെല്ലുമ്പോൾ കെ.സി.ജോൺ പെന്തക്കോസ്തിന്റെ കാവൽഭടനാണ്. പക്ഷേ പുറത്തിറങ്ങിയാൽ വിധം മാറും. മെഴുകുതിരി, കുരിശ്, ആഭരണം തുടങ്ങി എന്തും സ്വീകാര്യം. ഈ സ്വഭാവത്തിന് മലയാളത്തിൽ പറയുന്ന പേര് ഏവർക്കും അറിവുള്ളതാണല്ലോ.

ഒരു ദിവസം എന്നത് 24 മണിക്കൂറാണ്. അര മണിക്കൂർ വീതമുള്ള 48 പ്രോഗ്രാം ഉണ്ടെങ്കിൽ മാത്രമേ ആവർത്തനം കൂടാതെ പ്രോഗ്രാം സംപ്രേക്ഷണം ചെയ്യാൻ കഴിയൂ. പക്ഷേ ദിവസം നാല് പുതിയ പ്രോഗ്രാം പോലും ചവറിൽ എത്തുന്നില്ല. അതുകൊണ്ട് സമുദായക്കാരന്റെ അന്യദൈവാരാധനയും വിവരക്കേടും ഉൾപ്പെടെ സകലതും സംപ്രേക്ഷണം ചെയ്യുന്നു. ചവർ ഉദ്ഘാടനം ചെയ്ത അന്നു പ്രദർശിപ്പിക്കാൻ തുടങ്ങിയതൊക്കെ ഇന്നും പലവട്ടം കാണിക്കുന്നു. നാണം എന്ന വാക്കിന്റെ അർത്ഥം അറിഞ്ഞുകൂടാത്തതുകൊണ്ട് കെ.സി.ജോണിന് ഇതൊന്നും പ്രശ്നമായി തോന്നുന്നുമില്ല. പക്ഷേ ചവറിന്റെ മറ്റു ഭാരവാഹികളോട് ചോദിക്കട്ടെ: നിങ്ങൾക്കും നാണം എന്നാൽ എന്തെന്ന് അറിഞ്ഞുകൂടേ?

RNI No. 68089 / 97
2006 September 16

THE DEFENDER

REGISTERED
KL/ALY/0031/2006-08

അച്ചൻകുഞ്ഞിനോട് ഡിഫെൻഡർ എന്തുകൊണ്ട് വിയോജിക്കുന്നു?

അച്ചൻകുഞ്ഞ് ഇലന്തൂർ ബിലെയാമിന്റെ ദുരുപദേശം പ്രചരിപ്പിക്കുന്ന വ്യക്തിയാണെന്ന വസ്തുത കഴിഞ്ഞ ലക്കത്തിൽ വ്യക്തമാക്കിയിരുന്നു. എന്താണ് ബിലെയാമിന്റെ ഉപദേശം എന്നും വിശദീകരിച്ചു. ദൈവം ഈ പ്രശ്നം എത്രത്തോളം ഗൗരവത്തിൽ എടുത്തു എന്ന് സംഖ്യ 25 തെളിയിക്കുന്നു. 24,000 ആളുകളാണ് ദൈവകോപത്തിന് ഇരയായത്.

അന്യമതവിശ്വാസികളായ സ്ത്രീകളെ വിവാഹം കഴിച്ചു എന്നത് അത്ര വലിയ പാപമാണോ എന്ന് സംശയം തോന്നാം. പക്ഷേ വിവാഹമല്ല തുടർന്നു നടന്ന കാര്യങ്ങളാണ് പ്രശ്നത്തിന് വഴിവെച്ചത്. അന്യമതക്കാരികളെ വിവാഹം കഴിച്ച ശലോമോനുണ്ടായ അനുഭവവും ഇതോടുള്ള ബന്ധത്തിൽ ശ്രദ്ധിക്കണം. ലോകം കണ്ട ജ്ഞാനികളിൽ ഒന്നാമനായിരുന്നെങ്കിലും ശലോമോന്റെ ഹൃദയം അന്യദൈവങ്ങളിലേക്ക് വശീകരിക്കാൻ അന്യമതക്കാരികളായ ഭാര്യമാർക്ക് കഴിഞ്ഞു. അങ്ങനെ ശലോമോൻ പാപത്തിൽ വീണു.

അവിശ്വാസികളുമായി ഇണയില്ലാപ്പിണ കൂടുന്ന വിശ്വാസിക്ക് ഏറെക്കാലം പിടിച്ചു നിൽക്കാൻ കഴിയുകയില്ല. അവൻ അന്യദൈവങ്ങളുമായി ബന്ധപ്പെട്ടുപോകും. ഈ വസ്തുത ബിലെയാമിന് അറിയാമായിരുന്നു. അതുകൊണ്ടാണ് യിസ്രായേല്യരെ വശീകരിക്കാൻ മോവാബ്യസ്ത്രീകളെ അയക്കുന്ന വിദ്യക്ക് ബിലെയാം രൂപം കൊടുത്തത്. അത് ഫലിക്കയും ചെയ്തു.

ഈ പ്രശ്നം പരിഹരിക്കപ്പെട്ടതെങ്ങനെയാണെന്നതും ശ്രദ്ധേയമാണ്. ദൈവജനം മരിച്ചു വീണുകൊണ്ടിരിക്കുന്നതിനിടയിൽ ഒരു ശങ്കയും കൂടാതെ ഒരുവൻ ഒരു മൊവാബ്യ സ്ത്രീയുമായി തന്റെ കൂടാരത്തിലേക്കു പോയി. ഇതു കണ്ട് മോശെയും അഹരോനും ഏലിയാസറും മറ്റ് പ്രമുഖരും സ്തംഭിച്ച് ഇരുന്നതേയുള്ളൂ. അവർക്ക് പ്രതികരിക്കാൻ കഴിഞ്ഞില്ല. പക്ഷേ അഹരോന്റെ കൊച്ചുമകനായ ഫീനേഹാസ് ആരോടും അഭിപ്രായം ചോദിക്കാതെ ഒരു കുന്തവുമെടുത്ത് ആ യിസ്രായേല്യന്റെ പിന്നാലെ ചെന്നു. അവനെ ഗുണദോഷിച്ച് നന്നാക്കാനോ ദയകാണിക്കാനോ ശ്രമിക്കാതെ ഇരുവരേയും ഒരു കുന്തത്തിൽ കോർത്തെടുത്തു. അങ്ങേയറ്റം ക്രൂരമായ നടപടിയാണത് എന്ന് തോന്നാമെങ്കിലും ദൈവത്തിന് ഇത് അങ്ങേയറ്റം രസിച്ചു. ഉടൻതന്നെ ദൈവകോപം ശമിക്കയും ചെയ്തു. ഫീനേഹാസ് ചെയ്തത് ഏറ്റവും ഉചിതമായ പ്രവൃത്തി ആയിരുന്നു എന്ന് വ്യക്തം.

ഇത് കൃപയുടെ കാലമാണ്. ഇന്ന് ആരേയും ഇതുപോലെ കുന്തത്തിൽ കോർക്കാൻ ദൈവവചനം അനുവദിക്കുന്നില്ല. പക്ഷേ ആത്മീയ അർത്ഥത്തിൽ ഇത് ഇന്നും പ്രാവർത്തികമാക്കാം. ബിലെയാമിന്റെ ഉപദേശവുമായി നടക്കുന്നവരോട് ദയകൂടാതെ ആത്മീയയുദ്ധം നടത്താം. ദുരുപദേശങ്ങൾക്കെതിരെ മുഖപക്ഷമില്ലാതെ പോരാടാം. ഡിഫെൻഡർ ഇപ്പോൾ ചെയ്യുന്നത് ഇതുതന്നെ.

ഇണയില്ലാപ്പിണ കൂടുക എന്നത് ഇത്ര ഗൗരവമുള്ള കാര്യമാണോ എന്ന് ചോദിച്ചേക്കാം. രക്ഷിക്കപ്പെട്ടവർക്കു മാത്രമേ ഇതിന്റെ ഗൗരവം മനസ്സിലാകുകയുള്ളൂ. രക്ഷിക്കപ്പെടാത്തവർക്കും വിശ്വാസത്തിൽ നിന്നും പിൻമാറിയവർക്കും സാത്താനെ തിരിച്ചറിയാനോ തിരിച്ചറിഞ്ഞാൽത്തന്നെ ഉപേക്ഷിക്കാനോ കഴിയുകയില്ല.

വേർപാടിന്റെ ഉപദേശം ബൈബിളിന്റെ ആരംഭം മുതൽ അവസാനം വരെ ഉള്ളതാണ്. ഒന്നാം ദിവസത്തെ സൃഷ്ടിയായി വെളിച്ചം ഉണ്ടാക്കിയിട്ട് ദൈവം വെളിച്ചത്തേയും ഇരുളിനേയും തമ്മിൽ വേർതിരിച്ചു. ദൈവം വേർതിരിച്ചതിനെ മനുഷ്യൻ കൂട്ടിച്ചേർക്കരുത്.

ദൈവത്തിന്റെ പുത്രൻമാരും മനുഷ്യന്റെ പുത്രിമാരുമായി ഇണയില്ലാപ്പിണ കൂടിയതിന്റെ ഫലം ഉല്പ.6ൽ കാണുന്നു. ദൈവത്തിന്റെ പുത്രൻമാർ എന്നത് ദൂതൻമാരോ ശേത്തിന്റെ മക്കളോ മറ്റ് ആരെങ്കിലുമോ ആകട്ടെ അത് ഇണയില്ലപ്പിണ ആയിരുന്നു എന്നതിന് സംശയമില്ല. ജലപ്രളയത്തിനു വഴിവെച്ചത് ഈ പാപമാണെന്നതും വസ്തുതയാണ്.

അബ്രഹാം തന്റെ മകന് ഭാര്യയെ അന്വേഷിച്ചപ്പോൾ സമീപത്തുള്ള ജാതികളുമായുള്ള ബന്ധം ഒഴിവാക്കാൻ ശ്രദ്ധിച്ചു. ഏശാവ് അന്യജാതിക്കാരിയെ വിവാഹം കഴിച്ചത് യിസ്ഹാക്കിന് ഇഷ്ടമായില്ല. അങ്ങനെ ഉദാഹരണങ്ങൾ ഏറെ. ഇതൊക്കെ ഉല്പത്തി പുസ്തകത്തിലുള്ള കാര്യങ്ങൾ.

പുറപ്പാടിന്റെ ദൂതുതന്നെ വേർപാടാണ്. മിസ്രയീമിൽ വെച്ച് ദൈവത്തെ ആരാധിക്കാൻ യിസ്രായേൽ ജനം തയ്യാറായിരുന്നെങ്കിൽ ഫറവോൻ ഇത്രയധികം എതിർക്കുകയില്ലായിരുന്നു. ആ ദേശത്തുവെച്ച് യാഗം നടത്താനുള്ള അനുവാദം ഫറവോൻ കൊടുക്കുകയും ചെയ്തിരുന്നു. പക്ഷേ അതല്ലായിരുന്നു ദൈവഹിതം. ഏറെ ദൂരെ പോകരുത്, പുരുഷൻമാർ മാത്രം പോകട്ടെ, വസ്തുവകകൾ മാത്രം കൊണ്ടുപോകരുത് തുടങ്ങി പല ഉപാധികളും ഫറവോൻ മുൻപോട്ടു വെച്ചെങ്കിലും ഒരു വിധത്തിലുള്ള ഒത്തുതീർപ്പിനും മോശെ തയ്യാറായില്ല. ദൈവീക ദർശനം പ്രാപിച്ചവന് ഫറവോനുമായി ഒത്തുതീർപ്പ് ഉണ്ടാക്കാൻ സാധിക്കയില്ല. മരുഭൂമിയിൽ ചെന്ന് ദൈവത്തെ ആരാധിക്കണമെന്നത് ദൈവകല്പനയാണ്. ഒരു കുളമ്പുപോലും പിന്നിൽ ശേഷിക്കരുത്.

കുഞ്ഞാടിന്റെ രക്തമാണ് ജനത്തെ സംഹാരകന്റെ കയ്യിൽ നിന്നും രക്ഷിച്ചതെങ്കിലും ചെങ്കടൽ കടന്നതോടെയാണ് ദൈവജനം ഫറവോന്റെ കൈയ്യിൽ നിന്ന് പൂർണ്ണമായി വിടുതൽ പ്രാപിച്ചത്. രക്ഷ പ്രാപിക്കുവാൻ കുഞ്ഞാടിന്റെ രക്തം കൂടിയേ കഴിയൂ. പക്ഷേ പെസഹ കഴിഞ്ഞാൽ എത്രയും വേഗം ചെങ്കടൽ കടന്ന് മരുഭൂമിയിൽ എത്തണം. അല്ലെങ്കിൽ വീണ്ടും ഫറവോന്റെ കൊട്ട ചുമക്കേണ്ടതായി വരും. അച്ചൻകുഞ്ഞിനേപ്പോലുള്ളവർ സ്നാനം ആവശ്യമില്ല എന്നു പറയുന്നത് സാത്താന്റെ ഉപദേശമാണെന്ന് ഡിഫെൻഡർ പറയുന്നത് ഈ കാരണത്താലത്രേ.

യിസ്രായേലിന്റെ ആദ്യത്തെ രാജാവായിരുന്ന ശൗലിനെ ദൈവം തള്ളിക്കളയാൻ കാരണമെന്ത്? അമാലേക്യരെ നിർമ്മൂലമാക്കാനുള്ള ദൈവകല്പന ശൗൽ അനുസരിച്ചില്ല. അത് അത്ര വലിയ തെറ്റായിരുന്നോ? അതെ എന്ന് ദൈവവചനം പറയുന്നു. ദയ കൂടാതെ നശിപ്പിക്കുവാൻ ദൈവം കല്പിച്ചാൽ അത് അനുസരിക്കണം.

നെഹമ്യാവും കൂട്ടരും യെരൂശലേമിന്റെ മതിൽ പണിയുന്ന സമയത്ത് സഹായ വാഗ്ദാനവുമായി പലരും വന്നു. പക്ഷേ അവരുടെ അന്തർഗ്ഗതം നെഹമ്യാവ് മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് അവരുടെ സഹായം നിരസിച്ചു. സമുദായങ്ങളുമായി സഹകരിച്ച് സുവിശേഷ വേല ചെയ്യാമെന്ന് മോഹിക്കുന്ന പെന്തക്കോസ്തുകാർ ചില വസ്തുതകൾ മനസ്സിലാക്കണം: പെന്തക്കോസ്തുകാരെ സഹായിക്കാം എന്ന നല്ലമനസ്സോടെയല്ല ഇവരാരും എത്തുന്നത്. സമുദായക്കാരുമായി സഹകരിച്ച് പെന്തക്കോസ്തുകാർ ഒരു നേട്ടവും ഉണ്ടാക്കുകയില്ല.

പെന്തക്കോസ്ത് സഭകളിലെ അംഗങ്ങളെ രണ്ടായി തിരിക്കാം.

1. വീണ്ടുംജനനം പ്രാപിച്ച ദൈവമക്കൾ.
2. വീണ്ടും ജനനം പ്രാപിക്കാതെ പെന്തക്കോസ്തിൽ എത്തിയവർ.

അച്ചൻകുഞ്ഞിനേപ്പോലുള്ളവർ രണ്ടാമത്തെ ഗ്രൂപ്പിൽ പെടുന്നു. കുറേക്കാലം മുൻപ് അച്ചൻകുഞ്ഞ് പെന്തക്കോസ്തിൽ ചേർന്നു. ആദ്യകാലത്ത് ഒരു സ്വതന്ത്ര സഭയിലായിരുന്നു. പിന്നീട് ഐ.പി.സിയിൽ ചേർന്നു. ഐ.പി.സിയുടെ വിശ്വാസപ്രമാണം സ്വീകാര്യമായി തോന്നിയതുകൊണ്ടല്ല ഇങ്ങനെ ചെയ്തത്. ഏറ്റവും വലിയ പെന്തക്കോസ്ത് സഭയിൽ അംഗമായാൽ പലവിധത്തിലുള്ള ഗുണങ്ങളുണ്ട്. അതുകൊണ്ടു മാത്രമാണ് അച്ചൻകുഞ്ഞ് ഐ.പി.സിയിൽ ചേർന്നത്. അന്നോ ഇന്നോ ഐ.പി.സിയുടെ വിശ്വാസപ്രമാണം എന്തെന്നു മനസ്സിലാക്കാനോ അത് അംഗീകരിക്കാനോ അച്ചൻകുഞ്ഞിന് മനസ്സുണ്ടായിട്ടില്ല.

കത്തോലിക്കാസഭ ഉൾപ്പെടെയുള്ള എല്ലാ ക്രൈസ്തവ സമുദായങ്ങളും സ്വീകാര്യമാണ് എന്ന് പറയുന്ന അച്ചൻകുഞ്ഞ് എന്തിന് മാർതോമ്മാ സഭ വിട്ട് പെന്തക്കോസ്ത് വിശ്വാസത്തിലെത്തി? സ്നാനം നിർബ്ബന്ധമല്ല എന്നു പറയുന്ന അച്ചൻകുഞ്ഞ് എന്തിന് സ്നാനമേറ്റു? ഈ ചോദ്യങ്ങൾക്കൊന്നും അച്ചൻകുഞ്ഞ് നാളിതുവരെ തൃപ്തികരമായ മറുപടി പറഞ്ഞിട്ടില്ല. പറയാൻ കഴിയുകയുമില്ല. വിവരംകെട്ട പെന്തക്കോസ്തുകാർക്ക് ഇത്തരം കാര്യങ്ങളിലൊന്നും താല്പര്യവുമില്ല. അതുകൊണ്ട് അച്ചൻകുഞ്ഞിനേപ്പോലുള്ളവർക്ക് സാധുക്കളെ വഴി തെറ്റിക്കാൻ കഴിയുന്നു.

പെന്തക്കോസ്ത് വിശ്വാസമില്ലാതെ പെന്തക്കോസ്ത് സഭയിൽ വിലസുന്നത് അച്ചൻകുഞ്ഞ് മാത്രമാണ് എന്ന് ധരിക്കരുത്. ഇത്തരക്കാർ ഏറെയുണ്ട്. പക്ഷേ ഇവരിൽ പലർക്കും കാര്യമായ ജനസ്വാധീനമില്ല. പക്ഷേ അതല്ല അച്ചൻകുഞ്ഞിന്റെ സ്ഥിതി. മരുപ്പച്ച ദൈവാരിക അച്ചൻകുഞ്ഞിന്റെ വകയാണ്. പത്രത്തിന് ജനങ്ങളെ എത്രത്തോളം സ്വാധീനിക്കുവാൻ കഴിയും എന്ന് വിശേഷിച്ച് പറയേണ്ടതില്ല. മറ്റൊരു പെന്തക്കോസ്ത് പത്രവും അച്ചൻകുഞ്ഞിനേപ്പോലെ ദുരുപദേശപ്രചരണം നടത്തുന്നില്ല. പെന്തക്കോസ്തിന്റെ സംരക്ഷകൻ എന്ന ഭാവത്തിലാണ് മരുപ്പച്ചയിൽ എപ്പോഴും അച്ചൻ കുഞ്ഞ് എഴുതുന്നത്. പെന്തക്കോസ്തുകാരുടെ കൈയ്യടി വാങ്ങാനുള്ള ഒരു അവസരവും അച്ചൻകുഞ്ഞ് വെറുതെ കളയുകയില്ല. എവിടെയെങ്കിലും ഒരു പീഡയുണ്ടായാൽ അത് മരുപ്പച്ച ആഘോഷമാക്കും. ''എത്ര നല്ല സുവിശേഷ സ്നേഹി'' എന്ന് അച്ചൻകുഞ്ഞിനേക്കുറിച്ച് ആരും പറഞ്ഞുപോകും. ഒസ്താത്തിയോസ് തിരുമേനി എന്തെങ്കിലും വിവരക്കേട് എഴുന്നെള്ളിച്ചാൽ അച്ചൻകുഞ്ഞ് സത്യവിശ്വാസ സംരക്ഷകന്റെ ഭാവത്തിൽ എത്തും. പക്ഷേ ശുഭാനന്ദൻ അവതാരപുരുഷനാണെന്നു തൊട്ടടുത്ത് താമസിക്കുന്ന മാർതോമ്മാ മെത്രാപ്പോലീത്ത പറഞ്ഞതിനേക്കുറിച്ച് അച്ചൻകുഞ്ഞ് ഒന്നും പറഞ്ഞില്ല. കാരണം, മാർത്തോമ്മാക്കാരെ പിണക്കാൻ അച്ചൻകുഞ്ഞ് തയ്യാറല്ല. ഐ.പി.സിയുടെ സ്റ്റേറ്റ് കൗൺസിൽ മെമ്പർ എന്ന നിലയിലുള്ള സ്വാധീനവും സാധുക്കളെ വഴി തെറ്റിക്കാൻ അച്ചൻകുഞ്ഞ് ഉപയോഗിക്കുന്നു. പെന്തക്കോസ്തിലുള്ള ഒരു പത്രപ്രവർത്തകനും അച്ചൻകുഞ്ഞിനോളം അപകടകാരിയല്ല.

അച്ചൻകുഞ്ഞിനോട് കൂട്ടുകൂടാൻ ബൈബിൾ അനുവദിക്കുന്നില്ല

ഐ.പി.സി. കേരള സ്റ്റേറ്റ് കൗൺസിൽ അംഗവും മരുപ്പച്ച ദൈവാരികയുടെ ചീഫ് എഡിറ്ററുമായ അച്ചൻകുഞ്ഞ് ഗുരുതരമായ ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്ന വ്യക്തിയാണെന്ന് തെളിയുന്നു. നിഖ്യാ വിശ്വാസപ്രമാണത്തിൽ ഉള്ള കാര്യങ്ങൾ മാത്രം വിശ്വസിച്ചാൽ നിത്യരക്ഷ പ്രാപിക്കാൻ കഴിയുമെന്നും ഐ.പി.സിയുടെ വിശ്വാസപ്രമാണം അക്ഷരാർത്ഥത്തിൽ ശരിയല്ലെന്നും വ്യക്തമാക്കുകയും ചെയ്യുന്നു. പെന്തക്കോസ്ത് ഉപദേശ സത്യങ്ങളിൽ വിശ്വസിക്കുന്ന ആർക്കും അച്ചൻകുഞ്ഞുമായി സഹകരിക്കാൻ ആവില്ലെന്ന് ഇതോടെ വ്യക്തമായി.

ഉപദേശ വിഷയങ്ങളിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ പ്രധാനമായി രണ്ടു തരത്തിലുണ്ട്. രക്ഷയെ ബാധിക്കുന്ന ഉപദേശ വ്യത്യാസമെന്നും രക്ഷയെ ബാധിക്കാത്ത ഉപദേശ വ്യത്യാസമെന്നും അവയെ രണ്ടായി തിരിക്കാം. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച വ്യക്തി വിശ്വാസസ്നാനം സ്വീകരിച്ചേ മതിയാകൂ എന്നില്ല എന്ന് അച്ചൻകുഞ്ഞ് പറയുമ്പോൾ അത് രക്ഷയെ ബാധിക്കുന്ന ദുരുപദേശമാകുന്നു. രക്ഷയ്ക്കായി കൂദാശകൾ ആവശ്യമാണെന്ന് പഠിപ്പിക്കുന്ന സഭകളിൽ അടിയുറച്ച് വിശ്വസിച്ചുകൊണ്ടുതന്നെ ഒരാൾക്ക് നിത്യജീവൻ പ്രാപിക്കാമെന്നും അച്ചൻകുഞ്ഞ് പറയുന്നു. മദർ തെരേസ, ബെന്നി പുന്നത്തറ തുടങ്ങിയവരെ രക്ഷിക്കപ്പെട്ടവരായി അച്ചൻകുഞ്ഞ് കണക്കാക്കുന്നത് ഈ കാരണത്താലത്രേ. മദർ തെരേസയുടെ രണ്ടു ചിത്രങ്ങൾ അച്ചൻകുഞ്ഞ് ഓഫീസിൽ വെയ്ക്കുകയും ബെന്നി പുന്നത്തറയേക്കൊണ്ട് മരുപ്പച്ചയിൽ എഴുതിക്കയും ചെയ്യുന്നു.

അച്ചൻകുഞ്ഞിന്റെ നിലപാട് ശരിയാണെങ്കിൽ ഐ.പി.സി ഉൾപ്പെടെയുള്ള പെന്തക്കോസ്ത് സഭകൾക്ക് തെറ്റിയിരിക്കുന്നു. എല്ലാ പെന്തക്കോസ്ത് സഭകളും പിരിച്ചു വിടണം. പെന്തക്കോസ്ത് വിശ്വാസികൾ കത്തോലിക്കാ വിശ്വാസം സ്വീകരിക്കണം. എന്നാൽ അച്ചൻകുഞ്ഞിന്റെ നിലപാട് ശരിയല്ലെങ്കിൽ അത് ഗൗരവമുള്ള പ്രശ്നമായി കണക്കാക്കണം. പെന്തക്കോസ്ത് വിശ്വാസികളുടെ ഇടയിൽ നല്ല പ്രചാരമുള്ള മരുപ്പച്ചയുടെ എഡിറ്റർ എന്ന നിലയിലും ഐ.പി.സിയുടെ സ്റ്റേറ്റ് കൗൺസിൽ അംഗമെന്ന നിലയിലും വിശ്വാസികളുടെമേൽ നല്ല സ്വാധീനമുള്ള വ്യക്തിയാണ് അച്ചൻകുഞ്ഞ്. ഇത്തരം ഉപദേശപ്പിശകുകൾ പഠിപ്പിക്കുന്ന അച്ചൻകുഞ്ഞുമായി സഹകരിക്കുന്നവർ അച്ചൻകുഞ്ഞിന്റെ പാപത്തിൽ പങ്കാളികളാകുകയാണ് ചെയ്യുന്നത്.

ദൈവപുത്രനായ യേശു സ്വന്തം ജീവൻ മറുവിലയായി നൽകി വീണ്ടെടുത്ത ദൈവജനത്തെ സാത്താന്റെ പിടിയിലേക്ക് തള്ളി വിടുന്നത് ചെറിയ കാര്യമായി കാണാൻ കഴിയുകയില്ല. എട്ടും പൊട്ടും തിരിയാത്ത സാധാരണക്കാരെ നിത്യനാശത്തിലേക്കു വിടുന്ന ദുരുപദേശം പ്രചരിപ്പിക്കുന്നത് അർഹിക്കുന്ന ഗൗരവത്തിൽ എടുക്കാതെ പറ്റില്ല. അതുകൊണ്ട് കരുണ കൂടാതെ എതിർക്കേണ്ടവരുടെ പട്ടികയിൽ ഡിഫെൻഡർ അച്ചൻകുഞ്ഞിനേയും ഉൾപ്പെടുത്തുകയാണ്. വ്യക്തിപരമായ സ്നേഹബന്ധങ്ങളും ഈ കാരണത്താൽ ഒഴിവാക്കുന്നു.

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan